06
2021
ഓഗസ്റ്റ്
വെള്ളി
1196
കർക്കിടകം 21

NAUTICAL TIMES
KERALA
The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 132 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-132 പേജ് 4. വില 2.00 രൂപ








02 കോവിഡ് 19 മരണ വിവരങ്ങളറിയാൻ ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ

03 ഒരു വാർഡിൽ സമ്പൂർണ ലോക്ക്ഡൗൺ; 12 വാർഡുകൾ കണ്ടെയ്ൻമെന്റ് സോൺ

04 പ്രവാസികളെ ചൂഷണം ചെയ്യുന്നതിൽ നിന്നും പിന്തിരിയണം


# രക്ഷാദൗത്യങ്ങളിൽ ചലനമറ്റ് മറൈൻ ആംബുലൻസ്

**പി സ്റ്റെല്ലസ്**



തിരുവനന്തപുരം:മത്സ്യത്തൊഴിലാളികളുടെ രക്ഷാകവചമായി സർക്കാർ ഒരുക്കിയ മറൈൻ ആംബുലൻസ്, ഖജനാവ് കാലിയാക്കികൊണ്ടിരിക്കുകയാണ്.

കടൽസുരക്ഷക്കായി മൂന്ന് മറൈൻ ആംബുലൻസ് 'കാരുണ്യ' , 'പ്രത്യാശ' 'പ്രതീക്ഷ' എന്നീ പേരുകളിലാണ് ഫിഷറീസ് വകുപ്പിന് സർക്കാർ അനുവദിച്ചു നൽകിയത്.

മീൻപിടിത്തത്തിനിടയിൽ തൊഴിലാളികൾ അപകടത്തിൽപെടുന്ന സാഹചര്യങ്ങളിൽ , അതിവേഗ രക്ഷാപ്രവർത്തനത്തിനാണ് ആംബുലൻസ് സംവിധാനം ഏർപ്പെടുത്തിയത്. ആറ് കോടിയിലധികം രൂപ മുടക്കിയാണ് ഓരോ മറൈൻ ആംബുലൻസും നിർമ്മിച്ചത്.

കേരള ഷിപ്പിങ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപറേഷനാണ് ആംബുലൻസുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സാങ്കേതിക ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നത്. സർക്കാരിന് നേരിട്ട് നിയന്ത്രിക്കാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്താണ് മേൽനോട്ടച്ചുമതല ഇൻലാന്റ് നാവിഗേഷൻ വിഭാഗത്തിന് നൽകിയത്. എന്നാൽ അവർ നൽകിയ 'മറ്റൊരു ഏജൻസിയാണ് നിലവിൽ ജീവനക്കാരെ നിയമിച്ചത്.മറൈൻ ആംബുലൻസിന്റെ മേൽനോട്ടച്ചുമതലയുള്ള ഏജൻസിക്ക് ഫിഷറീസ് വകുപ്പ് മാസം തോറും നൽകുന്നത് ഒമ്പതര ലക്ഷത്തിൽപ്പരം രൂപ . ജീവനക്കാർക്ക് നൽകുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി നാലര ലക്ഷത്തിൽപരം രൂപ വേറെയും ചിലവാകുന്നു.ആകെയുള്ള പതിനൊന്ന് ജീവനക്കാരിൽ ക്യാപ്റ്റൻ,സ്രാങ്ക് ഉൾപ്പെടെ അഞ്ചു പേർക്കുള്ള ശമ്പളം ഏജൻസി മുഖാന്തിരം നൽകുമ്പോൾ, രണ്ട് പാരാമെഡിക്കൽ ജീവനക്കാർക്കും നാല് ലൈഫ് ഗാർഡുമാർക്കുമുള്ള ശമ്പളം ഫിഷറീസ് വകുപ്പ് നേരിട്ട് നൽകുന്നു. ഇങ്ങിനെ ഏജൻസിക്കും ആംബുലൻസിന്റെ മേൽനോട്ടത്തിനും, ജീവനക്കാർക്കും ചേർത്ത് സർക്കാർ മാസം തോറും ചിലവഴിക്കുന്നത് ലക്ഷങ്ങളാണന്ന് അദ്ദേഹം ചൂണ്ടി കാണിക്കുന്നു ഇതിലുപരി ഭാരിച്ച ഇന്ധന ച്ചെലവും അറ്റകുറ്റപ്പണികൾക്കായി വരുന്ന തുകയും ചേർക്കുമ്പോൾ വർഷത്തിൽ കോടികളാണ് ഖജനാവിൽനിന്ന് കാലിയായികൊണ്ടിരിക്കുകയാണ്.

ഏത് അപകട സാഹചര്യവും അതിജീവിച്ച് കടലിൽ പോകേണ്ടുന്ന ആംബുലൻസിലെ തൊഴിലാളികൾ കഴിവും, വൈദഗ്ധ്യമുള്ളവരും ആകണമെന്ന നിബന്ധന പാലിക്കപ്പെട്ടില്ലെന്നും വ്യാപകമായ ആക്ഷേപം നിലനിൽക്കുകയാണ് കപ്പൽ ജോലിക്കാരായി വിരമിച്ചവരെയും യാതൊരു പരിജ്ഞാനവുമില്ലാത്ത ഏതാനും യുവാക്കളെയുമാണ് ഏജൻസികൾ ജീവനക്കാരായി നിയമിച്ചിരിക്കുന്നത്,

ജില്ലയിലെ തീരങ്ങളുടെ അധികാരപരിധിയിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ,എന്നീ തുറമുഖത്ത് 'കാരുണ്യ'ആംബുലൻസും, എറണാംകുളം തൃശൂർ തീരങ്ങൾ വൈപ്പിൻ തുറമുഖത്ത് 'പ്രത്യാശ'യും , തിരുവനന്തപുരം , കൊല്ലം , ആലപ്പുഴ തീരങ്ങൾ വിഴിഞ്ഞം തുറമുഖത്തുള്ള 'പ്രതീക്ഷ' മറൈൻ ആംബുലൻസുമാണ് കടൽ സുരക്ഷക്കായി

ഫിഷറീസ് വകുപ്പ് സജ്ജമാക്കിയത്.

എന്നാൽ,ഹാർബറുകളിൽ കെട്ടിയിട്ട മറൈൻ ആംബുലൻസ് വല്ലപ്പോഴും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം റോന്തുചുറ്റലിന് മാത്രം ഉപയോഗിക്കുന്നതല്ലാതെ,ഇതുവരെ ഒരു ജീവൻരക്ഷയും നടത്തുവാൻ കഴിഞ്ഞിട്ടില്ല. ഫിഷിങ് ഹാർബറുകളിലെ ആംബുലൻസിന് ഓരോ ജില്ലക്കും അധികാര പരിധിയുണ്ടെങ്കിലും, അപകട സാഹചര്യങ്ങൾ അറിഞ്ഞാൽ ഇത്രയും ദൂരം ഓടിയെത്തുന്നതിനുപകരം അതാത് മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മീൻപിടിത്ത ബോട്ടുകളാണ് അതിവേഗത്തിൽ രക്ഷകരായി എത്താറുള്ളതാണ് അദ്ദേഹം പറയുന്നു. ആംബുലൻസുകളുടെ രൂപകൽപ്പനയിലെ പിഴവുമൂലം അപകടത്തിൽപ്പെടുന്ന മീൻ പിടിത്ത യാനങ്ങളുടെ സമീപത്തേക്ക് മറൈൻ ആംബുലൻസുകൾ ചേർത്ത് നിർത്തി രക്ഷാപ്രവർത്തനം നടത്തുവാനും കഴിയാറില്ല മീൻപിടിത്ത ബോട്ടുകളുടെ മാതൃകയിൽ തന്നെ കടൽ രക്ഷാപ്രവർത്തനത്തിന്, ഏകദേശം ഒന്നരക്കോടി രൂപമാത്രം ചിലവിൽ മറൈൻ ആംബുലൻസുകൾ നിർമിക്കാമെന്നാണ് മത്സ്യ മേഖലയിലുള്ള വിദഗ്ധർ പറയുന്നത്. വിഴിഞ്ഞംഹാർബറിൽ ആംബുലൻസ് കെട്ടിയിട്ടിരുന്ന് ഫെന്റെറുകൾ തകർന്നത് തുടക്കത്തിൽ വാർത്തയായിരുന്നു. അതു ശരിയാക്കുന്നതിന് ആയിരങ്ങൾ പേണ്ടിവന്നു.മൽസ്യത്തൊഴിലാളികളുമായോ,ഈ മേഖലയിലെ വിദഗ്ദരുമയോ യാതൊരു കൂടിയാലോചനയും ഇല്ലാതെ രൂപകല്പനചെയ്ത് പൂർത്തിയാക്കിയ മറൈൻ ആംബുലൻസുകൾ കടലിലേക്ക് രക്ഷാദൗത്യത്തിനായി കാണിക്കാൻ പോലുമാവില്ലന്നാണ് ഇതെക്കുറിച്ചറിയാവുന്നവർ ചൂണ്ടിക്കാട്ടുന്നത്.കേരളത്തിലെ തീരക്കടലിന്റെ സ്വഭാവവും പ്രത്യേകതയും ഉൾക്കൊള്ളാതെ മുൻപും രക്ഷാബോട്ടുകൾ നിർമ്മിക്കുകയും സർക്കാർ ഖജനാവിന് നഷ്ടമുണ്ടാവുകയും ചെയ്ത ചരിത്രമുണ്ട്.ഇതറിയാവുന്നവർ തന്നെയാണ് ഇത്തവണയും സർവ്വ സംവിധാനങ്ങളുമൊരുക്കി കടലിൽരക്ഷാദൗത്യത്തിന് കാണിക്കാൻ പറ്റാത്ത ആംബുലൻസുകൾ വീണ്ടും സൃഷ്ടിച്ചത്.

അത്യാധുനിക മറൈൻ ആംബുലൻസ് എന്നപേരിൽ 10 മാസം മുമ്പ്, പതിനെട്ടര കോടിയോളം ചിലവാക്കി, പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ രക്ഷാകവചമായി സർക്കാർ ഏർപ്പെടുത്തിയ ആംബുലൻസ് 'മറ്റാർക്കോ' വേണ്ടിയുള്ള രക്ഷാകവചമാണെന്ന ആക്ഷേപം ഇതോടെ ശക്തമായിട്ടുണ്ട്. ആംബുലൻസുകളുടെ നിർമ്മാണ ചിലവിലും, പ്രവർത്തനത്തിലും സുതാര്യത ഉറപ്പുവരുത്താതെ, സാമ്പത്തിക അഴിമതി നടക്കുകയാണന്നും അന്വേഷണം നടത്തണമെന്നുമാണ് ഈ മേഖലയിലുള്ളവർ ചൂണ്ടിക്കാണിക്കുന്നത്.

**(ലേഖകൻ സ്വതന്ത്ര മൽസ്യതൊഴിലാളി ഫെഡറേഷൻ പ്രസിഡന്റൊണ്.)**



## കടലിൽ ശക്തമായ കാറ്റിനു സാധ്യത; മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം

കേരള ലക്ഷദ്വീപ് കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിനു തടസമില്ലെന്നു കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കടലിൽ ചില ഭാഗങ്ങളിൽ ശക്തമായ കാറ്റിനു സാധ്യതയുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

ഇന്നു മുതൽ ഒമ്പതു വരെ തെക്ക് പടിഞ്ഞാറൻ, മധ്യ പടിഞ്ഞാറൻ, വടക്കൻ അറബിക്കടലിൽ മണിക്കൂറിൽ 50 മുതൽ 60 കി.മീ വരെയും ചില അവസരങ്ങളിൽ 70 കി.മീ വേഗതയിൽ വരെ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നു കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ ഈ ദിവസങ്ങളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിനു പോകരുതെന്നു ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ അറിയിച്ചു.

വിഴിഞ്ഞം മുതൽ കാസർഗോഡ് വരെയുള്ള കേരള തീരത്ത് ഓഗസ്റ്റ് 06 രാത്രി 11.30 വരെ 2.5 മുതൽ 2.9 മീറ്റർ വരെ ഉയരത്തിൽ തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നു ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചിട്ടുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നു ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ അറിയിച്ചു. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽനിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. മത്സ്യബന്ധന യാനങ്ങൾ ഹാർബറിൽ കെട്ടിയിട്ടു സൂക്ഷിക്കണം. മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണമെന്നും കളക്ടർ അറിയിച്ചു.

## ഗോദയിൽ വെള്ളിത്തിളക്കം; രവികുമാർ ദഹിയയ്ക്കു ഗുസ്തിയിൽ വെള്ളി

ടോക്കിയോ: ഇന്ത്യ കാത്തിരുന്ന സ്വർണം ഗോദയിൽനിന്നും വഴുതി വീണു. പുരുഷ വിഭാഗം 57 കിലോഗ്രാം ഗുസ്തിയിൽ ഇന്ത്യയുടെ രവികുമാർ ദാഹിയക്കു വെള്ളി. ഫൈനലിൽ റഷ്യയുടെ സാവുർ യുഗ്യേവിനോട് രവി പരാജയപ്പെട്ടു. സ്കോർ: 74.

സെമിയിൽ കസാഖിസ്ഥാൻറെ സനയേവിനെ മലർത്തിയടിച്ചാണ് രവി കുമാർ ഫൈനലിലെത്തിയത്. 2012ൽ സുശീൽ കുമാർ ഫൈനലിലെത്തിയ ശേഷം ആദ്യമായാണ് ഒരു ഇന്ത്യക്കാരൻ ഫൈനലിൽ പ്രവേശിച്ചിരുന്നത്. ടോക്കിയോ ഒളിമ്പിക്സിൽ ഇന്ത്യയുടെ അഞ്ചാം മെഡലാണിത്. രണ്ട് വെള്ളിയും മൂന്ന് വെങ്കലവുമാണ് ഇന്ത്യ ഇതുവരെ സ്വന്തമാക്കിയത്.



## ഹോക്കിയിൽ ഇന്ത്യക്ക് വെങ്കലം

ടോക്കിയോ: ഹോക്കി വെങ്കലപ്പോരാട്ടത്തിൽ ഇന്ത്യക്ക് മിന്നും ജയം. അതും മലയാളി ഗോൾകീപ്പർ പി.ആർ ശ്രീജേഷിൻറെ അത്യുജ്ജ്വല സേവുകളുടെ ബലത്തിൽ. ടൈമറിൻറെ ഓട്ടം നിലയ്ക്കുംവരെ ആവേശം ഉദ്വേഗവും പെരുവിരലോളം ഉയർത്തിയ ഗംഭീരപ്രകടനത്തിനൊടുവിൽ ഹോക്കിയിൽ ഇന്ത്യ ചരിത്രമെഴുതി.

ശക്തരായ ജർമനിയെ നാലിനെതിരെ അഞ്ച് ഗോളുകൾക്ക് പരാജയപ്പെടുത്തി ഇന്ത്യ മെഡൽ നേട്ടം അഞ്ച് ആയി ഉയർത്തി. 41 വർഷത്തെ കാത്തിരിപ്പിനൊടുവിലാണ് ഹോക്കിയിൽ ഇന്ത്യ ഒളിമ്പിക് മെഡൽ സ്വന്തമാക്കുന്നത്. 1980 ൽ മോസ്കോ ഒളിമ്പിക്സിൽ സ്വർണം നേടിയ ശേഷം ഇന്ത്യക്ക് ഇന്നേവരെ ഒരു മെഡൽ നേടാനായിരുന്നില്ല. ഈ ദുഷ്പ്പേരാണ് ശ്രീജേഷും സംഘവും ടോക്കിയോയിൽ മായിച്ചുകളഞ്ഞത്. ഇന്ത്യക്കായി സിമ്രാൻജീത് സിംഗ് ഇരട്ടഗോളും ഹാർദിക് സിംഗ്, ഹർമൻപ്രീത് സിംഗ് രുപീന്ദർ സിംഗ് എന്നിവർ ഓരോ ഗോളും നേടി. സിമ്രാൻജീതിൻറെ രണ്ടു ഗോളുകളും ഫീൽഡ് ഗോളായിരുന്നു.

31 ന് പിന്നിൽനിന്ന ശേഷമായിരുന്നു ഇന്ത്യയുടെ അവിശ്വസനീയ തിരിച്ചുവരവ്. ആദ്യ കാർട്ടറിൽ പിന്നിലായിരുന്നു ഇന്ത്യ രണ്ടാം കാർട്ടറിൽ 33 സമനിലപിടിച്ചു. മൂന്നാം കാർട്ടറിൽ രണ്ടു ഗോളുകൾ കൂടി അടിച്ച് ലീഡ് എടുത്ത ഇന്ത്യ ഗംഭീര പോരാട്ടവീര്യമാണ് കാഴ്ചവച്ചത്. എന്നാൽ അവസാന ക്വാർട്ടറിൽ ഒരു ഗോൾ തിരിച്ചടിച്ച ജർമനി ഇന്ത്യൻ ഹൃദയമിടുപ്പുകൾ വേഗത്തിലാക്കി. തുടരെതുടരെ ആക്രമണം അഴിച്ചുവിട്ട ജർമനിക്ക് അവസാന അഞ്ച് മിനിറ്റിൽ രണ്ട് പെനാൽറ്റി കോർണറുകൾ ലഭിച്ചു. രണ്ടും തടുത്തിട്ട് അത്യുജ്ജ്വല സേവുകളുമായി ശ്രീജേഷ് ഇന്ത്യയെ കാത്തു. അവസാന സെക്കൻഡിൻറെ നിമിഷാർദ്ധത്തിലും ജർമൻകുതിപ്പ്. ഗോൾവരയിൽ വൻമതിലായി നിന്ന ശ്രീജേഷിൽ തട്ടി പന്ത് പുറത്തേക്ക്. ഇന്ത്യ ടോക്കിയോയിൽ പുതുചരിത്രം കുറിച്ചു.

## ഇന്ന് 22,040 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 22,040 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 1,63,376 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 13.49 ആണ്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 117 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 17,328 ആയി.

മലപ്പുറം 3645, തൃശൂർ 2921, കോഴിക്കോട് 2406, എറണാകുളം 2373, പാലക്കാട് 2139, കൊല്ലം 1547, ആലപ്പുഴ 1240, കണ്ണൂർ 1142, തിരുവനന്തപുരം 1119, കോട്ടയം 1077, കാസർഗോഡ് 685, വയനാട് 676, പത്തനംതിട്ട 536, ഇടുക്കി 534 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 20,046 പേർ രോഗമുക്തി നേടി. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 67 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 20,901 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 996 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 76 ആരോഗ്യ പ്രവർത്തകർക്കും രോഗം ബാധിച്ചു.

സംസ്ഥാനത്ത് 1,77,924 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 32,97,834 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,81,157 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,51,799 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 29,358 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 2607 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

## ഓണക്കാലത്ത് 1484 ഫെയറുകൾ നടത്തും: മന്ത്രി ജി. ആർ. അനിൽ

തിരുവനന്തപുരം: ഓണക്കാലത്ത് സംസ്ഥാനമൊട്ടാകെ 1484 ഫെയറുകൾ നടത്തുമെന്ന് മന്ത്രി ജി.ആർ. അനിൽ. എല്ലാ ഓണം മേളകളിലും സബ്സിഡിസബ്സിഡി ഇതര ഉത്പന്നങ്ങൾ ലഭ്യമാക്കും. ഓണക്കാലത്ത് സപ്ലൈകോ മുഖേന 11 ന് ആരംഭിച്ച് 20 ന് സമാപിക്കുന്ന തരത്തിലാണ് ജില്ലാതല ഓണച്ചന്തകൾ തുടങ്ങുന്നത്.

75 താലൂക്ക് ഫെയറുകൾ, മറ്റ് നിയമസഭാമണ്ഡലങ്ങൾ കേന്ദ്രീകരിച്ചുള്ള 60 ഓണച്ചന്തകൾ എന്നിവ പ്രമുഖ സപ്ലൈകോ വില്പനശാലകളോട് അനുബന്ധിച്ച് തുടങ്ങും. ഇവ ഓഗസ്റ്റ് 16 ന് ആരംഭിച്ച് 20 ന് സമാപിക്കും. ഈ കാലയളവിൽ സപ്ലൈകോയുടെ മറ്റ് വിൽപനശാലകളെല്ലാം ഓണം മിനിഫെയറുകളായി പ്രവർത്തിക്കും.

## പെഗാസസ് ചോർത്തൽ; ഹർജികൾ ചൊവ്വാഴ്ചത്തേക്ക് മാറ്റി സുപ്രീം കോടതി

ന്യൂഡൽഹി: പെഗാസസ് ഫോൺ ചോർത്തലിൽ പ്രത്യേക അന്വേഷണം (എസ്ഐടി) ആവശ്യപ്പെട്ടുള്ള ഹർജികൾ ചൊവ്വാഴ്ചത്തേക്ക് മാറ്റി സുപ്രീം കോടതി. ചീഫ് ജസ്റ്റീസ് എൻ.വി രമണ, ജസ്റ്റീസ് സൂര്യകാന്ത് എന്നിവരുടെ രണ്ടംഗ ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്.

കേന്ദ്രസർക്കാരിനെ കൂടി കേൾക്കുന്നതിനാണ് കേസ് മാറ്റിയതെന്നാണ് വിവരം. ഹർജികളുടെ പകർപ്പ് കേന്ദ്ര സർക്കാരിനും കൂടി നൽകാൻ ചീഫ് ജസ്റ്റീസ് ആവശ്യപ്പെട്ടു. മാധ്യമങ്ങളിൽവന്ന വിവരങ്ങൾ സത്യമാണെങ്കിൽ ഗുരുതരമായ വിഷയമാണിതെന്ന് കോടതി കേസ് പരിഗണിക്കുന്നതിനിടെ വാക്കാൽ പറഞ്ഞു. എഡിറ്റേഴ്സ് ഗിൽഡ് ഓഫ് ഇന്ത്യ, ജോൺ ബ്രിട്ടാസ്, അഭിഭാഷകനായ എം എൽ ശർമ എന്നിവരാണ് ഹർജി നൽകിയിരിക്കുന്നത്.

# ഓണത്തോടനുബന്ധിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി

ഓണത്തിന് മുന്നോടിയായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കി ജില്ലയിലെ തദ്ദേശസ്ഥാപനങ്ങൾ. പുനലൂർ നഗരസഭയിൽ ആർ.ഡി.ഒ യുടെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്നു. കച്ചവടസ്ഥാപനങ്ങളിലെ തിരക്ക് നിയന്ത്രണവിധേയമാക്കുന്നതിനായി വ്യാപാരികൾക്ക് പ്രത്യേക മാർഗനിർദേശങ്ങൾ നൽകി. മാനദണ്ഡപാലനം സംബന്ധിച്ച് സ്ഥിരമായി അനൗൺസ്മെന്റുകൾ ഏർപ്പെടുത്താനും തീരുമാനിച്ചു. ഓട്ടോ ടാക്സി ഡ്രൈവർമാരിൽ കോവിഡ് പരിശോധന നടന്നുവരുന്നതായും ചെയർപേഴ്സൺ നിമ്മി എബ്രഹാം പറഞ്ഞു.'മാതൃകവചം' വാക്സിനേഷൻ ഡ്രൈവ് മുഖേന പുനലൂർ താലൂക്ക് ആശുപത്രിയുടെ നേതൃത്വത്തിൽ 54 ഗർഭിണികൾക്ക് വാക്സിൻ നൽകി. താലൂക്ക് ആശുപത്രിയിലും വാക്സിനേഷൻ ഉപകേന്ദ്രത്തിലുമായി ഇന്നലെ (ഓഗസ്റ്റ് 03) 800 പേർ വാക്സിൻ സ്വീകരിച്ചു.

ഡി കാറ്റഗറിയിലുള്ള അഞ്ചൽ ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലും എല്ലാദിവസവും ആന്റിജൻ പരിശോധന നടത്തും. തിങ്കളാഴ്ച നടത്തിയ പരിശോധനയിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 5.55 ശതമാനലേക്ക് എത്തി. അഞ്ചൽ ഈസ്റ്റ് സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ പ്രവർത്തിക്കുന്ന സി.എഫ്.എൽ.ടി സിയിൽ 57 രോഗികളുണ്ട്. ഇവർക്ക് ആവശ്യമായ ഭക്ഷണവും മരുന്നുകളും പഞ്ചായത്തിന്റെ നേതൃത്വത്തിൽ എത്തിച്ചു നൽകുന്നുണ്ടെന്ന് പ്രസിഡന്റ് എസ്. ബൈജു പറഞ്ഞു. ശൂരനാട് തെക്ക് പഞ്ചായത്തിൽ വാർഡുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തുന്നുണ്ട്. ബി കാറ്റഗറിയിലുൾപ്പെടുന്ന പഞ്ചായത്തിലെ നിലവിലെ ടി.പി.ആർ ഏഴ് ആണ്. പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും കോവിഡ് മാനദണ്ഡം പാലിച്ചാണ് പ്രവർത്തിക്കുന്നതെന്ന് പ്രസിഡന്റ് എസ്. കെ. ശ്രീജ പറഞ്ഞു.

കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിലെ ഡി.സി.സി യിൽ നിലവിൽ 28 രോഗികളുണ്ട്. 188 പേർക്ക് ആന്റിജൻ പരിശോധന നടത്തിയതിൽ ആറുപേർ പോസിറ്റീവ് ആയി. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അനൗൺസ്മെന്റ് കൾ നടത്തുന്നു. മൂന്ന് ഘട്ടങ്ങളിലായി പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു. ആംബുലൻസ് ഉൾപ്പെടെയുള്ള വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പ്രസിഡന്റ് ഉമാദേവി പറഞ്ഞു.

കൊട്ടാരക്കരയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ ആന്റിജൻ, ആർ.ടി.പി.സി.ആർ പരിശോധനകളുടെ എണ്ണം വർധിപ്പിച്ചു. ആർ.ആർ.ടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. പാലിയേറ്റീവ് രോഗികൾക്ക് വീടുകളിലെത്തി വാക്സിൻ നൽകി വരുന്നതായി പ്രസിഡന്റ് ആർ.സത്യഭാമ പറഞ്ഞു. മേലിലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആന്റിജൻ പരിശോധന കിറ്റ്, ആയുർവേദഹോമിയോ പ്രതിരോധ മരുന്നുകൾ എന്നിവ വിതരണം ചെയ്തു. കോളനികൾ കേന്ദ്രീകരിച്ചു പരിശോധനകൾ വർധിപ്പിച്ചു.

മുഖത്തലയിലെ ഇളമ്പള്ളൂർ ഗ്രാമപ്പഞ്ചായത്തിൽ വാക്സിനേഷന് മുൻപ് കോവിഡ് പരിശോധന നിർബന്ധമാക്കിയതായി പ്രസിഡന്റ് ആമിന ഷെരീഫ് പറഞ്ഞു. കോവിഡ് രോഗബാധിതർ കൂടുതലുള്ള ഓച്ചിറയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയതായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ദീപ്തി രവീന്ദ്രൻ പറഞ്ഞു. കരുനാഗപ്പള്ളി നഗരസഭയിൽ ബഡ്സ് സ്കൂൾ, റോട്ടറി ക്ലബ് വഴിയും മൊബൈൽ പരിശോധന യൂണിറ്റ് വഴിയും കോവിഡ് പരിശോധന വ്യാപകമാക്കി.

# കോവിഡ് 19 മരണ വിവരങ്ങളറിയാൻ ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ

സംസ്ഥാനത്തെ കോവിഡ് 19 മരണങ്ങളുടെ വിവരങ്ങളറിയാൻ പുതിയ കോവിഡ് 19 ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ സംസ്ഥാന സർക്കാർ സജ്ജമാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. പൊതുജനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്നതാണ് പോർട്ടൽ. പൊതുജനത്തിന് അവരുടെ ബന്ധുക്കളുടെ മരണത്തിന്റെ വിശദാംശങ്ങൾ തിരയുന്നതിനുള്ള ഓപ്ഷൻ പോർട്ടലിലുണ്ട്.

സർക്കാർ ഔദ്യോഗികമായി കോവിഡ് മരണമാണെന്ന് റിപ്പോർട്ട് ചെയ്തവയെല്ലാം പോർട്ടലിലുണ്ടാകും. പേര്, ജില്ല, മരണ തീയതി തുടങ്ങിയ വിശദാംശങ്ങൾ നൽകിയാൽ പോർട്ടലിൽ നിന്ന് വിവരങ്ങൾ ലഭിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

ഇതുകൂടാതെ പ്രഖ്യാപിക്കപ്പെട്ട കോവിഡ് മരണങ്ങളുടെ, ഡി.എം.ഒ. നൽകുന്ന ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റിന്റെ ആധികാരികത പരിശോധിക്കുന്നതിന് വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് കഴിയും. നിലവിൽ 22.07.2021 വരെയുള്ള മരണങ്ങൾ ലഭ്യമാണ്. 22.07.2021 ന് ശേഷം പ്രഖ്യാപിച്ച മരണങ്ങൾ ഉടൻ അപ്ഡേറ്റ് ചെയ്യുമെന്ന് മന്ത്രി വ്യക്തമാക്കി. പോർട്ടലിന്റെ ലിങ്ക്: https://covid19.kerala.gov.in/deathinfo/

# സർട്ടിഫിക്കറ്റുകൾ പോർട്ടൽ വഴി, ഡിഗ്രി സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറിലേക്ക്

വിജയികളായ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളും ഗ്രേഡ് കാർഡുകളും ഡിജിറ്റൽ മാതൃകയിൽ, പരീക്ഷാ കോൺട്രോളറുടെ ഇകപ്പോടെ ഓഗസ്റ്റ് ഒമ്പതിന് മുൻപ് വിദ്യാർത്ഥികളുടെ പോർട്ടലിൽ തന്നെ ലഭ്യമാക്കും.വിദ്യാർത്ഥികൾക്ക് സ്വന്തം പോർട്ടലിൽ നിന്നും ഈ ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുവാൻ കഴിയും. കേരളത്തിൽ ആദ്യമായാണ് സർട്ടിഫിക്കറ്റുകൾ ഇത്തരം ഡിജിറ്റൽ സംവിധാനം വഴി വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത്.

ഡിഗ്രി സർട്ടിഫിക്കറ്റുകൾ ഈ വർഷം മുതൽ ഡിജിറ്റൽ രൂപത്തിൽ ഡിജിലോക്കറിൽ ലഭ്യമാക്കും. ബിരുദ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ 10 ദിവസത്തിനകം സ്വീകരിച്ചു തുടങ്ങും.

തിരുവനന്തപുരം ഗവണ്മെന്റ് എൻജിനീയറിങ് കോളജിലെ വിദ്യാർത്ഥികളായ അഭിഷേക് മനോഹരൻ (കമ്പ്യൂട്ടർ സയൻസ്) എസ് ഹരികൃഷ്ണൻ (മെക്കാനിക്കൽ), തിരുവനന്തപുരം ഗവണ്മെന്റ് ബാർട്ടൻഹിൽ കോളജിലെ ജി ആദിത്യ (മെക്കാനിക്കൽ) എന്നിവർ ഏറ്റവും ഉയർന്ന സ്കോർ ആയ 9.98 നേടി. പാരിപ്പള്ളി യുകെഎഫ് കോളജിലെ സി വിഷ്ണുപ്രിയ (കമ്പ്യൂട്ടർ സയൻസ്) 9.97 ഉം, കൊല്ലം ടികെഎം കോളജിലെ വിദ്യാർത്ഥികളായ വി ജോർജ് സക്കറിയ (കമ്പ്യൂട്ടർ സയൻസ്) 9.96 ഉം, അശ്വിൻ പ്രദീപ് (ഇലക്ട്രോണിക്സ്) 9.95 ഉം, മോഡൽ എൻജിനീയറിങ് കോളജിലെ വിദ്യാർത്ഥികളായ കെസി മേഘ (കമ്പ്യൂട്ടർ സയൻസ്), കെ ഇസട് ഹസ്ന പ്രവീൺ (ഇലക്ട്രോണിക്സ്), ടികെഎം വിദ്യാർത്ഥികളായ ഇഎം അയോന (സിവിൽ), എസ് ആർ ശ്രീരാജ് (മെക്കാനിക്കൽ) എന്നിവർ 9.94 ഉം നേടി മുന്നിലെത്തി.

വിജയശതമാനത്തിൽ മുന്നിലെത്തിയ കോളജുകൾ : ഗവൺമെന്റ് എൻജിനീയറിങ് കോളജ്, തിരുവനന്തപുരം (82.49), മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളോജി (80.81), മോഡൽ എൻജിനീയറിങ് കോളജ് തൃക്കാക്കര (80.61), ടികെഎം കോളജ് ഓഫ് എൻജിനീയറിങ് (79.4), രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി (77.88). ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തിയ കോളജുകളും വിജയശതമാനവും : ടികെഎം (767, 79.4), രാജഗിരി (728, 77.88), സിഇടി (674, 82.49), അമൽജ്യോതി (666, 61.26), വിദ്യാ അക്കാദമി (637, 44.43). ഏറ്റവും ഉയർന്ന അക്കാഡമിക് പെർഫോമൻസ് ഇൻഡക്സ് ലഭിച്ച കോളജുകൾ: ഗവൺമെന്റ് എൻജിനീയറിങ് കോളജ് തിരുവനന്തപുരം (7.22), ടികെഎം കോളജ് ഓഫ് എൻജിനീയറിങ് (6.96), മോഡൽ എൻജിനീയറിങ് കോളജ് തൃക്കാക്കര (6.83), മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് (6.59), ഗവ.എൻജിനീയറിങ് തൃശ്ശൂർ (6.55).

## ഭക്ഷ്യമന്ത്രിയുടെ പ്രതിമാസ ഫോൺ ഇൻ പരിപാടി ഏഴിന്

ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി അഡ്വ.ജി.ആർ.അനിൽ പൊതുജനങ്ങളുമായി നേരിട്ട് സംവദിക്കുന്ന പ്രതിമാസ ഫോൺഇൻ പരിപാടി ആഗസ്റ്റ് ഏഴിന് ഉച്ചയ്ക്ക് രണ്ട് മണി മുതൽ മൂന്ന് മണി വരെ നടത്തും. വിളിക്കേണ്ട നമ്പർ: 8943873068.

## കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ തൊഴിലധിഷ്ഠിത കോഴ്സുകളായ കമ്പ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റനൻസ് വിത്ത് ഇഗാഡ്ജറ്റ് ടെക്നോളജീസ്, സി.സി.എൻ.എ, റഫ്രിജറേഷൻ ആന്റ് എയർകണ്ടീഷനിങ്, വെബ് ഡിസൈൻ ആന്റ് ഡെവലപ്മെന്റ് എന്നീ കോഴ്സുകളിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരത്തുള്ള സ്പെൻസർ ജംഗ്ഷനിലെ കെൽട്രോൺ നോളഡ്ജ് സെന്ററിലോ 04712337450, 9544499114 എന്നീ നമ്പറുകളിലോ ബന്ധപ്പെടണം.

## അർഹത നിർണയ പരീക്ഷ: 31 വരെ അപേക്ഷിക്കാം

കേരളത്തിനകത്ത് വിവിധ നേഴ്സിംഗ് കോഴ്സുകൾ അനുവദനീയ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തവർക്കും പരീക്ഷ എഴുതുവാൻ കഴിയാത്തവർക്കുമായുള്ള മേഴ്സി ചാൻസിനു വേണ്ടിയുള്ള അർഹത നിർണ്ണയ പരീക്ഷയ്ക്ക് സ്ഥാപന മേധാവികൾ മുഖേന ആഗസ്റ്റ് 31 വരെ അപേക്ഷിക്കാമെന്ന് കേരള നഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: www.nursingcouncil.kerala.gov.in.

## കാത്ത്ലാബ് ടെക്നിഷ്യൻ നിയമനം

കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബ് ടെക്നിഷ്യനെ താത്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു. അപേക്ഷകർ വിശദാംശങ്ങൾ h-ttp-s://form-s.g-l-e/v-R-J-V-S51qv-J-B-V-Xpm49 എന്ന ഗൂഗിൾ ഫോമിൽ നൽകണം. ബയോഡാറ്റയും സർട്ടിഫിക്കറ്റുകളും 12ന് വൈകിട്ട് 4.30നകം അപ്ലോഡ് ചെയ്യണം. പ്ലസ് ടു സയൻസും ബി.സി.വി.ടി/ഡി.സി.വി.ടിയുമാണ് യോഗ്യത. കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ വേണം. രണ്ടു വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാവണം. പ്രായം 18നും 40നും മധ്യേ. 15860 രൂപയാണ് വേതനം.

# എന്റർപ്രൈസ് സ്റ്റാർട്ടപ്പുകളുടെ പ്രദർശനവുമായി സ്റ്റാർട്ടപ്പ് മിഷൻ

തിരുവനന്തപുരം: സ്റ്റാർട്ടപ്പ് ഉൽപ്പന്നങ്ങൾ അവതരിപ്പിച്ച് കോർപ്പറേറ്റ് സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളുമായി സ്റ്റാർട്ടപ്പുകളെ ബന്ധപ്പെടുത്താൻ കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്യുഎം) ബിഗ് ഡെമോ ഡേ സംഘടിപ്പിക്കുന്നു. സംരംഭങ്ങൾക്കുള്ള (എന്റർപ്രൈസ്) സ്റ്റാർട്ടപ്പുകൾക്ക് ഊന്നൽ നൽകുന്ന വിർചൽ പ്രദർശനം ഓഗസ്റ്റ് 12 ന് രാവിലെ 10 മുതൽ വൈകിട്ട് നാല് വരെ നടക്കും.

കോർപ്പറേറ്റുകൾക്കും വ്യവസായങ്ങൾക്കും ഉപകാരപ്രദമാകുന്ന സ്റ്റാർട്ടപ്പ് ഉൽപ്പന്നങ്ങളാണ് ആറാം പതിപ്പിൽ പ്രദർശിപ്പിക്കുന്നത്. മികച്ച സ്റ്റാർട്ടപ്പുകൾക്ക് അതിവേഗം വളരാൻ ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി സംഘടിപ്പിക്കുന്ന പ്രദർശനത്തിൽ വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളും ആഗോള നിക്ഷേപകരും വ്യവസായ സംഘടനാ പ്രതിനിധികളും പങ്കെടുക്കും.

വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും വിപണനം മെച്ചപ്പെടുത്താനും സാമ്പത്തികം കൈകാര്യം ചെയ്യുന്നതിനുമാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുത്ത കേരളത്തിൽ നിന്നുമുള്ള പത്തു സ്റ്റാർട്ടപ്പുകളാണ് ഇപ്രാവശ്യത്തെ ബിഗ് ഡെമോ ഡേയിൽ ഭാഗഭാക്കാകുക. വിവിധ കോർപ്പറേറ്റ് സ്ഥാപനങ്ങൾ, വ്യവസായ സംഘടനകൾ, ഫണ്ടിംഗ് ഏജൻസികൾ, എയ്ഞ്ചൽ നെറ്റ് വർക്കുകൾ എന്നിവയുടെ പിന്തുണയോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. രജിസ്റ്റർ ചെയ്യുന്നവർക്ക് സ്റ്റാർട്ടപ്പുകളുമായി സംവദിക്കാനുള്ള അവസരം ലഭിക്കും. പങ്കെടുക്കാൻ താല്പര്യമുള്ളവർ https://bit.ly/BigDemoDay6 എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യുക.

## ഇന്നൊവേഷൻ കൗൺസിൽ യോഗം

കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ(കെഡിസ്ക്) ജില്ലാതല വിഭാഗമായ ഇന്നൊവേഷൻ കൗൺസിലിന്റെ യോഗം ജില്ലാ പഞ്ചായത്തിൽ ജില്ലാ വികസന കമ്മീഷണർ ആസിഫ് കെ. യൂസഫ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ അധ്യക്ഷനായി. സ്കൂൾ, കോളേജ് തലത്തിൽ നടപ്പാക്കുന്ന നൂതന ആശയ പരിപാടിയായ യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം സംബന്ധിച്ച് യോഗം ചർച്ച നടത്തി. കെഡിസ്ക് ജില്ലാ കോർഡിനേറ്റർ ജസ്റ്റിൻ ബെനഡിക്ട് പദ്ധതി അവതരണം നടത്തി. ജില്ലാ ഇന്നോവേഷൻ കൗൺസിൽ അംഗങ്ങളായ എം.വിശ്വനാഥൻ, എസ്.എൽ.സജി കുമാർ, എം.എ.രാജഗോപാൽ, ബിനു കരുണാകരൻ, ആർ.കെ.ദീപ, എസ്.നാസറുദ്ദീൻ, ആർ.എസ്.ബിജു, ബി. സനൽകുമാർ തുടങ്ങിയവർ സംസാരിച്ചു.

## ഡ്രൈവർ അഭിമുഖം ഓഗസ്റ്റ് നാലിന്

എൻ.സി.സി/സൈനിക ക്ഷേമവകുപ്പിൽ ഡ്രൈവർ ഗ്രേഡ്രണ്ട് (എച്ച്.ഡി.വി)(വിമുക്തഭട ാർ) (സെക്കന്റ് എൻസി.എ മുസ്ലിം, കാറ്റഗറി നം: 178/19), ഡ്രൈവർ ഗ്രേഡ്രണ്ട്(എച്ച്.ഡി.വി) (വിമുക്തഭടന്മാർ) (ഫസ്റ്റ് എൻ.സി.എ. എസ്.ഐ.യു.സി നാടാർ, കാറ്റഗറി നം:179/19) തസ്തികകളുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭിമുഖം ഓഗസ്ററ് നാലിന് പി.എസ്.സിയുടെ തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ നടത്തും. പ്രൊഫൈലിൽ അറിയിപ്പ് ലഭിച്ചിട്ടില്ലാത്തവർ ജില്ലാ ഓഫീസുമായി ബന്ധപ്പെടണം.

## ടെണ്ടർ ക്ഷണിച്ചു

ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പിലാക്കുന്ന 'ഉജ്ജ്വലം' പദ്ധതിയുടെ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. വിശദവിവരങ്ങൾ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ ഓഗസ്റ്റ് രണ്ടു മുതൽ 10 വരെ രാവിലെ 10 മുതൽ വൈകിട്ട് അഞ്ചു വരെ ലഭിക്കും. ഫോൺ 04742792957, 7403119714.

## ജൂനിയർ റിസർച്ച് ഫെല്ലോ

കേരള വന ഗവേഷണ സ്ഥാപനത്തിൽ 2024 മാർച്ച് 26 വരെ കാലാവധിയുള്ള സമയബന്ധിത ഗവേഷണ പദ്ധതിയായ 'മോളിക്യുലാർ സിസ്റ്റമാറ്റിക്സ്, ജിയോസ്പേഷ്യൽ മോഡലിംഗ് ഏന്റ് കൺസർവേഷൻ ഓഫ് ദി ജീനസ് ടെർമിനാലിയ എൽ. ഇൻ ഇന്ത്യ' ൽ ജൂനിയർ റിസർച്ച് ഫെല്ലോയുടെ താത്കാലിക ഒഴിവിലേക്ക് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: ഠഠഠ.സളൃശ.ൃലെ.ശി.

## സ്കോളർഷിപ്പും കോഷൻ ഡെപ്പോസിറ്റും

ആലപ്പുഴ ഗവ. റ്റി.ഡി. മെഡിക്കൽ കോളേജിൽ 2018 2019 അധ്യയന വർഷം I, I-I, I-I-I, I-V വർഷ എം.ബി.ബി.എസ് കോഴ്സ് പഠിച്ചിരുന്ന എസ്.സി/എസ്.റ്റി വിഭാഗങ്ങളിലെ വിദ്യാർഥികളുടെ സ്കോളർഷിപ്പ് തുകയും 2014, 2015, 2016 വർഷങ്ങളിൽ ഡി.ഫാം/ പാരാമെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടിയ വിദ്യാർഥികളുടെ കോഷൻ ഡിപ്പോസിറ്റ് തുകയും തിരികെ ലഭിക്കാൻ തിരിച്ചറിയൽ രേഖകളുമായി 22നകം മെഡിക്കൽ കോളേജ് ഓഫീസിൽ എത്തണം.

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് പൊതുപരീക്ഷ : പിഴ കൂടാതെ ആഗസ്ത് 16 വരെ ഫീസടക്കാം

തിരുവനന്തപുരം, : 2021 സെപ്തംബർ-നവംബർ മാസങ്ങളിൽ നടത്തുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (എൻഐഒഎസ്) പൊതുപരീക്ഷക്ക് ആഗസ്ത് 16 വരെ പിഴ കൂടാതെ ഫീസ് അടക്കാം. ആഗസ്ത് 17 മുതൽ 26 വരെ ഒരു വിഷയത്തിന് 100 രൂപ നിരക്കിൽ പിഴയോടുകൂടിയും ഫീസടയ്ക്കാവുന്നതാണ്. കൂടാതെ ആഗസ്ത് 27 മുതൽ സെപ്തംബർ 6 വരെ 1500 രൂപ പിഴയോടുകൂടിയും ഫീസടയ്ക്കാം.

ഓൺലൈൻ (ഡെബിറ്റ് കാർഡ്, ക്രഡിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ്) മുഖേന മാത്രമാണ് ഫീസടക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് 0484-2310032/2310033, 9746888988 എന്നീ നമ്പറുകളിലും ബന്ധപ്പെടാം

# ഓണ വിപണി ലക്ഷ്യമിട്ടു ഫ്രഷ് കട്ട് വെജിറ്റബിളുമായി വി.എഫ്.പി.സി.കെ. ബുക്ക് ചെയ്താൽ വീടുകളിലെത്തിക്കും

ഓണ വിപണിയി ലക്ഷ്യമിട്ടു കട്ട് വെജിറ്റബിൾ പാക്കറ്റുകളുമായി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (വി.എഫ്.പി.സി.കെ). നുറുക്കിയ പച്ചക്കറി ഈ ഓണക്കാലത്ത് ആവശ്യക്കാർക്കു വീടുകളിലെത്തിച്ചു നൽകുമെന്നു വി.എഫ്.പി.സി.കെ. സി.ഇ.ഒ. വി. ശിവരാമൻ അറിയിച്ചു. കല്ലിയൂർ പഞ്ചായത്തിലെ കോവിൽനട സ്വാശ്രയ കർഷക സമിതിയുമായി സഹകരിച്ചാണു ജില്ലയിൽ പദ്ധതി നടപ്പാക്കുന്നത്.

'തളിർ' എന്ന പേരിലാണു ഫ്രഷ് കട്ട് വെജിറ്റബിൾ ഉപഭോക്താക്കളിലേക്ക് എത്തുക. സാമ്പാർ, അവിയൽ, കുറുമ എന്നിവയ്ക്കുള്ള വിവിധ തരം പച്ചക്കറികൾ 400 ഗ്രാം പാക്കറ്റിലും തോരൻ, മെഴുക്കുപുരട്ടി പാക്കറ്റുകൾ 300 ഗ്രാം പാക്കറ്റിലും ഉള്ളി തൊലി കളഞ്ഞത്, തേങ്ങ ചിരകിയത് തുടങ്ങിയവ 200 ഗ്രാം, ഇഞ്ചി തൊലി കളഞ്ഞത് 150 ഗ്രാം, വെളുത്തുള്ളി തൊലികളഞ്ഞത് 100 ഗ്രാം പാക്കറ്റുകളിലും എത്തും. സ്വാശ്രയ കർഷക സമിതികളിലെ വിലയും പൊതുവിപണിയിലെ വിലയും ഹോർട്ടികോർപ്പിന്റെ വിലയും താരതമ്യപ്പെടുത്തിയാകും ഓരോ പാക്കറ്റിനും വില നിശ്ചയിക്കുന്നത്.

നാടൻ പച്ചക്കറികളും പഴങ്ങളും സ്വാശ്രയ കർഷക സമിതികളിൽനിന്നു വി.എഫ്.പി.സി.കെ. നേരിട്ടു സംഭരിച്ചു സംഭരണ കേന്ദ്രത്തിലെത്തിച്ചാണു പാക്ക് ചെയ്യുന്നത്. ഗുണമേ യും ശുചിത്വവും ഉറപ്പാക്കിയാണ് ഓരോ പാക്കറ്റും തയാറാക്കുന്നതെന്നും ശുദ്ധവും വിഷമുക്തവുമായ പച്ചക്കറികൾ പാചകം ചെയ്യാൻ വീടുകളിലെത്തിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

കല്ലിയൂർ പഞ്ചായത്തിലെ കട്ടിങ് യൂണിറ്റിൽ 30 വനിതാ ജീവനക്കാർ രണ്ടു ഷിഫ്റ്റുകളിലായി ജോലി ചെയ്യുന്നു. കട്ടിങ്ങിനും പാക്കിങ്ങിനുമുള്ള സംവിധാനങ്ങളെല്ലാം ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. ക്യാരറ്റ് തോരൻ, പപ്പായ തോരൻ, പാവയ്ക്ക മെഴുക്കുപുരട്ടി എന്നിവ കട്ടിംഗ് മെഷീനിലും സാമ്പാർ, അവിയൽ, കൂർക്ക മെഴുക്കുപുരട്ടി തുടങ്ങിയവ വനിതാ ജീവനക്കാർ പ്രത്യേകം മുറിച്ചുമാണു പായ്ക്ക് ചെയ്യുന്നത്.

റസിഡന്റ്സ് അസോസിയേഷനുകൾ, ഗവൺമെന്റ് ഓഫീസുകൾ ഓൺലൈൻ വിതരണക്കാർ എന്നിവർ വഴിയാണ് നുറുക്കിയ പച്ചക്കറികൾ വിതരണം ചെയ്യുക. ഓർഡറുകളും എത്തിക്കേണ്ട സമയവും തലേദിവസം വൈകിട്ട് എട്ടിനു മുൻപായി അറിയിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9048955970.

# അഴിമതി: യെദിയുരപ്പയ്ക്കും കുടുംബത്തിനും നോട്ടീസ്

ബംഗളുരു: അഴിമതിക്കേസിൽ യെദിയുരപ്പയും മക്കളും ബന്ധുക്കളും അടക്കം പത്തുപേർക്കെതിരെ നോട്ടീസ് അയക്കാൻ കർണാടക ഹൈക്കോടതി ഉത്തരവ്.

ബംഗളുരു വികസന അതോറിട്ടിയുടെ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട ആരോപണത്തിലാണ് യെദിയുരപ്പ, മകൻ വിജയേന്ദ്ര, മകൾ പത്മാവതി, മരുമക്കളായ വിരുപക്ഷപ്പ മറാഡി, സഞ്ജയ് ശ്രീ, ചെറുമകൻ ശശിധർ മറാഡി എന്നിവർക്ക് നോട്ടീസ്. യശ്വന്ത്പുർ എംഎൽഎ എസ് ടി സോമശേഖർ, വ്യവസായി ചന്ദ്കകാന്ത് രാമലിംഗം, ഡോ, ജി സി പ്രകാശ്, കെ രവി എന്നിവർക്കും നോട്ടീസയക്കാൻ കോടതി ഉത്തരവിട്ടു. സാമൂഹിക പ്രവർത്തകനായ ടി ജെ എബ്രഹാമാണ് ജനപ്രതിനിധികളുടെ കേസുകൾ പരിഗണിക്കുന്ന പ്രത്യേക കോടതിയിൽ ഹർജി നൽകിയത്. എന്നാൽ ഗവർണർ പ്രോസിക്യൂഷന് അനുമതി നൽകാത്തതിനാൽ കോടതി ഹർജി തള്ളി. ഇതിനെതിരെ ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിലാണ് നോട്ടീസയക്കാൻ ജസ്റ്റിസ് സുനിൽ ദത്ത് ഉത്തരവിട്ടത്.

# ശ്രീലങ്കൻ ബോട്ടിൽ മയക്കുമരുന്നും ആയുധങ്ങളും കടത്തിയ കേസ് : പ്രതികൾ മനുഷ്യക്കടത്തും നടത്തി

കൊച്ചി:ശ്രീലങ്കൻ ബോട്ടിൽ മയക്കുമരുന്നും ആയുധങ്ങളും കടത്തിയ സംഭവത്തിൽ പ്രതികൾക്ക് അങ്കമാലി ബന്ധമുള്ളതായി കണ്ടെത്തൽ. സുരേഷ് രാജ്, സൗന്ദരരാജൻ എന്നിവർ അങ്കമാലിയിൽ താമസിച്ച് നീക്കങ്ങൾ ഏകോപിപ്പിച്ചതായി കണ്ടെത്തി.

സുരേഷ് രാജ് ശ്രീലങ്കൻ പൗരനും, സൗന്ദരരാജൻ ചെന്നൈ സ്വദേശിയുമാണ്. ഇരുവരെയും അങ്കമാലിയിൽ നിന്നും നേരത്തെ തമിഴ്നാട് ക്യൂ ബ്രാഞ്ച് അറസ്റ്റ് ചെയ്തിരുന്നു.

പ്രതികളെ എൻഐഎ അറസ്റ്റ് ചെയ്ത് കൊച്ചി പ്രത്യേക കോടതിയിൽ ഹാജരാക്കി. പ്രതികൾ പ്രവർത്തിച്ചത് ശ്രീലങ്കൻ മയക്കുമരുന്ന് മാഫിയ തലവൻ ലോകു യദ്ദഹികെ നിഷാന്തിനായാണെന്ന് അന്വേഷണ സംഘം പറഞ്ഞു. പ്രതികൾ തമിഴ്നാട്, കൊച്ചി എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മനുഷ്യക്കടത്ത് നടത്തിയതായും എൻഐഎ കോടതിയിൽ പറഞ്ഞു. കേസിലെ മുഖ്യ ആസൂത്രകൻ വിദേശിയാണെന്നും പിടികൂടാൻ ശ്രമം തുടങ്ങിയെന്നും എൻഐഎ അറിയിച്ചു.

## വ്യാവസായിക ട്രൈബ്യൂണൽ സിറ്റിംഗ്

പാലക്കാട് വ്യാവസായിക ട്രൈബ്യൂണലും ഇൻഷൂറൻസ് കോടതി ജഡ്ജിയും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുമായ സാബു സെബാസ്റ്റ്യൻ ആഗസ്റ്റ് 9, 10, 16, 17, 24, 31 തിയതികളിൽ പാലക്കാട് റവന്യൂ ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 12ന് പെരിന്തൽമണ്ണ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 6, 27 തിയതികളിൽ മഞ്ചേരി ഇന്ദിരാഗാന്ധി ബസ് ടെർമിനൽ ബിൽഡിംഗിലെ ഒന്നാം നിലയിലെ കോടതി ഹാളിലും തൊഴിൽ തർക്ക കേസ്സുകളും ഇൻഷൂറൻസ് കേസ്സുകളും എംപ്ലോയീസ് കോമ്പൻസേഷൻ കേസ്സുകളും വിചാരണ ചെയ്യും.

## ശില്പശാല ഏഴിന്

കൊട്ടിയത്തെ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ പുതുതായി സർവീസിൽ പ്രവേശിച്ച വെറ്ററിനറി സർജ ാർക്കും അനുബന്ധ ഉദ്യോഗസ്ഥർക്കും ഓഗസ്റ്റ് ഏഴിന് നടത്തുന്ന ഏകദിന ശില്പശാല മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. ജി.എസ്.ജയലാൽ എം.എൽ.എ അധ്യക്ഷനാകും.

# കളക്ടർ വാക്ക് പാലിച്ചു, ലിജോയ്ക്ക് പുതിയ വെന്റിലേറ്റർ ലഭിച്ചു

'ലിജോ ഇനി ഭയപ്പെടേണ്ട, അഭ്യുദയകാംക്ഷികൾ നിങ്ങളോടൊപ്പമുണ്ട്...'ജില്ലാ കളക്ടർ ഡോ.നവ്ജോത് ഖോസ ഇത് പറഞ്ഞപ്പോൾ ലിജോ പുഞ്ചിരിക്കുന്നുണ്ടായിരുന്നു.അക്യൂട്ട് എൻസഫലോ മൈലാറ്റിസ് ന്യൂറോപ്പതി എന്ന അപൂർവ രോഗത്താൽ പതിമൂന്ന് വർഷങ്ങളായി വെന്റിലേറ്റർ സഹായത്തോടെ ജീവിക്കുന്ന പാറശ്ശാല നെടുവാൻവിള മച്ചിംഗത്തോട്ടം സ്വദേശി ലിജോയ്ക്ക് ജില്ലാ കളക്ടർ നേരിട്ടെത്തി അത്യാധുനിക വെന്റിലേറ്റർ കൈമാറി. ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റിയുടെ സഹായത്തോടെ ഏറ്റവും പുതിയ ആൽഫ എമർജൻസി വെന്റിലേറ്ററാണ് നൽകിയത്. വെന്റിലേറ്റർ എടുത്തുകൊണ്ടു പോകത്തക്ക വിധത്തിലായതിനാൽ ഒരിടത്തു നിന്നു വേറൊരിടത്തേക്ക് അനായാസേന മാറ്റാൻ സാധിക്കും.

ഇത് രണ്ടാം തവണയാണ് ജില്ലാ കളക്ടർ ലിജോയെ സന്ദർശിക്കുന്നത്.കഴിഞ്ഞതവണ എത്തിയപ്പോൾ ലിജോയുടെ പേരിൽ പുതുതായി തയാറാക്കിയ അന്ത്യോദയ റേഷൻ കാർഡ് കൈമാറിയിരുന്നു.ഉപയോഗിച്ച് കൊണ്ടിരിക്കുന്ന വെന്റിലേറ്റർ കേടാകുമോ എന്ന ആശങ്ക ലിജോ അന്ന് കളക്ടറോട് പങ്കുവെച്ചിരുന്നു.കാലതാമസമുണ്ടാകാതെ തന്നെ ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി ജില്ലാ പ്രസിഡന്റ് കൂടിയായ കളക്ടർ ലിജോയുടെ ഈ ആവിശ്യം നിറവേറ്റുകയായിരുന്നു.

2007ലാണ് അക്യൂട്ട് എൻസഫലോ മൈലാറ്റിസ് ന്യൂറോപ്പതി എന്ന അപൂർവ രോഗം ബാധിച്ച് കഴുത്തിനു താഴെ തളർന്ന നിലയിൽ ലിജോയെ ശ്രീചിത്രയിൽ പ്രവേശിപ്പിച്ചത്.അന്ന് ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കി എഞ്ചിനീയറിങ് പ്രവേശനത്തിന് ഒരുങ്ങുകയായിരുന്നു ലിജോ. ഒന്നരവർഷത്തോളം ശ്രീചിത്രയിൽ ഐ.സി.യുവിലായിരുന്ന ലിജോയെ പിന്നീട് മറ്റൊരു സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.2012 മുതൽ വീട്ടിൽ വെന്റിലേറ്ററിന്റെ സഹായത്തോടെ കിടപ്പിലായിരുന്ന ലിജോ ഇപ്പോൾ വാടകവീട്ടിലാണ് കഴിയുന്നത്. വെന്റിലേറ്ററില്ലാതെ ലിജോയ്ക്ക് ജീവിക്കാനാകില്ല.അതീവ ഗുരുതരാവസ്ഥയിൽ നിന്നു ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ന്യൂറോളജി വിഭാഗം മേധാവി ഡോ. സഞ്ജീവ് വി. തോമസാണ് ലിജോയെ ജീവിതത്തിലേക്കു തിരികെയെത്തിച്ചത്.തീർത്തും ദുരവസ്ഥയിലായ ലിജോയുടെ കഥ ഡോ. സഞ്ജീവ് തന്നെയാണു ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയത്.

നമ്മുടെ സമൂഹത്തിന്റെ സഹജീവി സ്നേഹം വ്യക്തമാക്കുന്ന മാതൃകയാണിത്.സാമ്പത്തികമായും അല്ലാതെയും ലിജോയെ സഹായിക്കാൻ നിരവധി പേർ മുന്നോട്ട് വന്നിരുന്നു.പ്രതിസന്ധികൾക്കിടയിലും ലിജോയ്ക്ക് സുഖപ്രദമായൊരു ജീവിതം നൽകുവാൻ തുടർന്നും ആവശ്യമായ സഹായങ്ങൾ നൽകുമെന്ന് കളക്ടർ അറിയിച്ചു. ആരോഗ്യസ്ഥിതിയെ സംബന്ധിച്ച് ലിജോയുടെ ഡോക്ടറോട് ചോദിച്ചറിഞ്ഞു.ലിജോയുടെ ആവിശ്യം നിറവേറ്റാൻ ഒരു ചെറിയ ഭാഗമായതിൽ വ്യക്തിപരമായി സംതൃപ്തിയുണ്ടെന്നും കളക്ടർ പറഞ്ഞു.സഹായം നൽകിയ എല്ലാവരോടും ജില്ലാ ഭരണകൂടത്തിന്റെ നന്ദി കളക്ടർ അറിയിച്ചു.

ചെല്ലയ്യൻ മേഴ്സി ദമ്പതികളുടെ അഞ്ചു മക്കളിൽ അവസാനത്തെ ആളാണ് ലിജോ. അച്ഛനും അമ്മയും മരിച്ചപ്പോൾ രോഗിയായ സഹോദരിയെയും തന്റെ രണ്ട് കുഞ്ഞുങ്ങളെയും ലിജോയേയും നോക്കുന്നത് കൂടപ്പിറപ്പായ വിപിൻ ആണ്. സ്ഥിര വരുമാനം ഇല്ലാത്ത വിപിൻ ഉണ്ടായിരുന്ന വീടും വസ്തുക്കളും വിറ്റായിരുന്നു ഇതുവരെയുള്ള ചികിത്സ നടത്തിയത്.ഐ ബി എസ് കമ്പനിയുടെ നേതൃത്വത്തിൽ സ്വന്തമായൊരു വീട് എന്ന ലിജോയുടെ സ്വപ്നം സാക്ഷാത്കരിക്കുകയാണ്.ഹാബിറ്റാറ്റാണ് വീട് നിർമിക്കുന്നത്. നിർമാണ പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചു.90 ദിവസം കൊണ്ട് വീടു പണി പൂർത്തിയാകും.

പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.കെ ബെൻഡാർവിൻ, നെടുവാൻവിള വാർഡ് മെമ്പർ വി ആർ വിനയനാഥ്, പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രി സൂപ്രണ്ട് ഡോ ബി.ഉണ്ണികൃഷ്ണൻ, ഇന്ത്യൻ റെഡ്ക്രോസ്സ് സൊസൈറ്റി കേരള സ്റ്റേറ്റ് ബ്രാഞ്ച് ചെയർമാൻ രഞ്ജിത്ത് കാർത്തികേയൻ, ഇന്ത്യൻ റെഡ്ക്രോസ്സ് സൊസൈറ്റി ജില്ലാ ചെയർമാൻ ഹരികൃഷ്ണൻ, ഇന്ത്യൻ റെഡ്ക്രോസ്സ് സൊസൈറ്റി വോളന്റിയർമാർ,സമീപവാസികൾ തുടങ്ങിയവർ പങ്കെടുത്തു.

# എല്ലാ ആശുപത്രികളേയും മാതൃശിശു സൗഹൃദമാക്കും: ആരോഗ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളേയും സ്വകാര്യ ആശുപത്രികളേയും മാതൃശിശു സൗഹൃദ ആശുപത്രികളാക്കി മാറ്റുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ്. ദേശീയ മുലയൂട്ടൽ വാരാചരണവും മാതൃശിശു സൗഹൃദ ആശുപത്രി പദ്ധതിയുടെ സംസ്ഥാനതല പ്രഖ്യാപനവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മദർ ആന്റ് ബേബി ഫ്രണ്ട്ലി ഹോസ്പിറ്റൽ ഇനിഷിയേറ്റീവിന്റെ ഭാഗമായി ശിശു സൗഹൃദ ആശുപത്രികളെ ശാക്തീകരിച്ച് സർട്ടിഫൈ ചെയ്യും. യൂണിസെഫും ലോകാരോഗ്യ സംഘടനയും നിശ്ചയിച്ചിട്ടുള്ള 10 ഗുണനിലവാര സൂചികയും കൂടാതെ മാതൃശിശു സൗഹൃദവും ആരോഗ്യവും സംബന്ധിച്ച സൂചികകളിൽ അധിഷ്ഠിതമായ 130 ചെക്ക് പോയിന്റുകൾ അടങ്ങിയ ഒരു സ്റ്റാൻഡേർഡ് ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ചെക്ക് പോയിന്റുകൾക്ക് അനുസരിച്ച് ആശുപത്രികളെ മദർ ആന്റ് ബേബി ഫ്രണ്ട്ലി ആശുപത്രിയാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

അഞ്ച് വയസിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് കുറയ്ക്കുന്നതിലും ശിശു,നവജാത ശിശു മരണനിരക്ക് കുറയ്ക്കുന്നതിലും കേരളം ബഹുദൂരം മുന്നേറിയിട്ടുണ്ട്. എന്നാൽ ആദ്യ ഒരു മണിക്കൂറിൽ നവജാതശിശുവിന് മുലപ്പാൽ നൽകുന്നുവെന്ന് ഉറപ്പാക്കുന്ന കാര്യത്തിലും ആദ്യ ആറ് മാസം മുലപ്പാൽ മാത്രം നൽകുന്ന കാര്യത്തിലും കേരളം മുന്നോട്ട് പോകേണ്ടതുണ്ട്. മന്ത്രി പറഞ്ഞു.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡേ അധ്യക്ഷത വഹിച്ചു. എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ, വനിത ശിശു വികസന വകുപ്പ് സെക്രട്ടറി റാണി ജോർജ്, വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ടിവി അനുപമ എന്നിവർ പങ്കെടുത്തു.

# ഐബിഎം പുതിയ ഡെവലപ്മെന്റ് സെന്റർ കൊച്ചിയിൽ ആരംഭിക്കും ഐടി മേഖലയ്ക്ക് വലിയ കുതിപ്പു നൽകുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ഐടി കമ്പനികളിൽ ഒന്നായ ഐബിഎം പുതിയ ഡെവലപ്മെന്റ് സെന്റർ കൊച്ചിയിൽ ആരംഭിക്കുന്നു. ഹൈബ്രിഡ് ക്ളൗഡ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യകളെ കൂടുതൽ മികവിലേയ്ക്ക് നയിക്കാനുതകുന്ന പ്രവർത്തനങ്ങളാണ് പുതിയ സെന്ററിൽ വികസിപ്പിക്കുന്നത്.

ഐടി മേഖലയിൽ നവീനമായ ആശയങ്ങളും സാങ്കേതിക വിദ്യകളും വികസിപ്പിക്കുന്ന ഐബിഎം സോഫ്റ്റ്‌വേർ ലാബ്സിന്റെ സെന്ററാണ് കൊച്ചിയിൽ സ്ഥാപിക്കാൻ പോകുന്നത്. ഐബിഎം കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിക്കുന്നത് സംസ്ഥാനത്തിന്റെ ഐടി മേഖലയ്ക്ക് വലിയ കുതിപ്പു നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഫേസ്ബുക്ക് പോസ്റ്റിൽ വ്യക്തമാക്കി.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഐബിഎം ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടറായ സന്ദീപ് പട്ടേൽ, സോഫ്റ്റ് വേർ ലാബ്സിന്റെ വൈസ് പ്രസിഡന്റായ ഗൗരവ് ശർമ്മ എന്നിവരുമായി നടത്തിയ ചർച്ചയിൽ ഡിജിറ്റൽ നോളജ് ഇക്കോണമിയായി കേരളത്തെ വളർത്താനുള്ള എൽഡിഎഫ് സർക്കാരിന്റെ കാഴ്ചപ്പാടുകൾ അവരുമായി പങ്കുവയ്ക്കാനും അഭിപ്രായ നിർദ്ദേശങ്ങൾ സ്വീകരിക്കാനും സാധിച്ചെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഐടി നയങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും കോവിഡ് കാരണം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിൽ സാങ്കേതിക മേഖലയ്ക് നൽകാൻ കഴിയുന്ന സംഭാവനകളെക്കുറിച്ചും ചർച്ച ചെയ്തു. കേരളത്തിന്റെ ആത്മാർത്ഥമായ പിന്തുണ അവർക്ക് ഉറപ്പു നൽകുന്നുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

## കളിമൺഉല്പന്ന നിർമ്മാണ വിപണന തൊഴിലാളികൾക്ക് വായ്പ: അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കളിമൺഉല്പന്ന നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ച സമുദായത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് സംരംഭങ്ങളുടെ ആധുനികവൽക്കരിക്കാനും സംരംഭങ്ങൾ ആരംഭിക്കാനും കളിമൺപാത്ര വിപണനത്തിനും വായ്പ നൽകുന്നു. വായ്പ തുക പരമാവധി രണ്ടു ലക്ഷം രൂപയും പലിശ നിരക്ക് ആറു ശതമാനവും തിരിച്ചടവ് കാലാവധി 60 മാസവും ആയിരിക്കും. ജാമ്യ വ്യവസ്ഥകൾ ബാധകമാണ്.

അപേക്ഷകർ പരമ്പരാഗത കളിമൺഉല്പന്ന നിർമ്മാണ മേഖലയിൽ തൊഴിൽ ചെയ്യുന്നവരോ അവരുടെ ആശ്രിതരോ ആയിരിക്കണം. പ്രായപരിധി 18നും 55നും മധ്യേ. കുടുംബ വാർഷിക വരുമാനം മൂന്നു ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

വായ്പ പദ്ധതികൾക്കുള്ള പ്രത്യേകം അപേക്ഷാ ഫോറങ്ങൾ, നിബന്ധനകൾ, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്നിവ കോർപ്പറേഷന്റെ വെബ്സൈറ്റിൽ ലഭിക്കും (ംംം.സല്യമഹമൂീേല്യ്യ.ീൃഴ). വായ്പാ അപേക്ഷ ഡൗൺലോഡ് ചെയ്ത് രേഖകൾ സഹിതം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ, അയ്യങ്കാളി ഭവൻ, രണ്ടാംനില, കനക നഗർ, കവടിയാർ.പി.ഒ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ സമർപ്പിക്കണം.

## ടെണ്ടർ ക്ഷണിച്ചു

ജില്ലാ വനിതാ ശിശുവികസന ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചു. അവസാന തീതയി ഓഗസ്റ്റ് 10 ഉച്ചയ്ക്ക് രണ്ടു വരെ. വിശദവിവരങ്ങൾ 0474 2992809 നമ്പരിൽ ലഭിക്കും.

# കശ്മീർ: ഭരണഘടനാ അനുച്ഛേദം 370 റദ്ദാക്കിയിട്ട് രണ്ടുവർഷം തികയുന്നു

ശ്രീനഗർ: ജമ്മുകശ്മീരിന് പ്രത്യേക അവകാശം നൽകുന്ന ഭരണഘടനാ അനുച്ഛേദം 370 റദ്ദാക്കിയിട്ട് രണ്ടാണ്ട് തികയുന്നു.

2019 ഓഗസ്റ്റ് അഞ്ചിനാണ് അനുച്ഛേദം 370, 35എ എന്നിവ റദ്ദാക്കിക്കൊണ്ടും സംസ്ഥാനത്തെ രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളാക്കിക്കൊണ്ടും രാഷ്ട്രപതിയുടെ എക്സിക്യൂട്ടീവ് ഉത്തരവുണ്ടായത്. എന്നാൽ ഏറെ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ച ഈ പരിഷ്ക്കാരം എന്തിനുവേണ്ടിയായിരുന്നുവെന്ന ചോദ്യം ഇപ്പോഴും അവശേഷിക്കുന്നു.

ജമ്മു കശ്മീരിനെ കേന്ദ്രത്തിന്റെ പൂർണ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള ശ്രമത്തിൽ മോഡി സർക്കാർ വിജയിച്ചെങ്കിലും അത് കശ്മീരികളെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്ന കാഴ്ചയാണ് പിന്നീട് കാണാനായത്. രാഷ്ട്രീയ നേതാക്കളെ തടങ്കലിലാക്കിയെങ്കിലും ജനകീയ പ്രക്ഷോഭങ്ങൾ പൊട്ടിപ്പുറപ്പെട്ടു. എന്നാൽ ഇതും ശക്തമായ സൈനിക നീക്കം നടത്തി അടിച്ചമർത്താൻ കേന്ദ്രസർക്കാരിന് സാധിച്ചു.

കേന്ദ്രത്തിന്റെ നേരിട്ടുള്ള നിയന്ത്രണം വന്നതോടെ കശ്മീരികൾക്ക് തൊഴിൽ സുരക്ഷയും ഭൂമി ഉടമസ്ഥാവകാശവും നഷ്ടപ്പെട്ടു. പ്രതിപക്ഷ നേതാക്കളെ കശ്മീരിൽ പ്രവേശിക്കുന്നതിൽ നിന്നും വിലക്കി. ആക്ടിവിസ്റ്റുകളും മാധ്യമപ്രവർത്തകരും തടവിലായി. ദേശവിരുദ്ധരെന്ന് മുദ്രകുത്തി നിരവധി സർക്കാർ ഉദ്യോഗസ്ഥരെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഒരുവർഷത്തിലേറെ നീണ്ട മൊബൈൽ ഇന്റർനെറ്റ് സേവനങ്ങൾക്ക് ഏർപ്പെടുത്തിയ വിലക്കും കർഫ്യൂകളും കശ്മീരിന്റെ സമ്പദ്ഘടനയെ അപ്പാടെ തകർത്തു.

കശ്മീർ ജനത അക്ഷരാർത്ഥത്തിൽ തടവിലാക്കപ്പെടുകയായിരുന്നു. എന്നാൽ ഭീകരാക്രമണങ്ങളും പാകിസ്ഥാന്റെ വെടിനിർത്തൽ ലംഘനങ്ങൾക്കും ഒരു കുറവും ഉണ്ടായിട്ടില്ല. അനാവശ്യമായിരുന്ന ഒരു പരിഷ്ക്കാരം മാത്രമായി മോഡി സർക്കാരിന്റെ നടപടി അവശേഷിക്കുമ്പോൾ അത് ഒരു മേഖലയെ തന്നെ ഇരുട്ടിലേക്ക് തള്ളുകയുമായിരുന്നു.

കഴിഞ്ഞ രണ്ട് വർഷത്തിനിടെ കേന്ദ്രസർക്കാരിന്റെ കടുത്ത ജനാധിപത്യ വിരുദ്ധ നടപടികൾക്കാണ് കശ്മീർ സാക്ഷിയായത്. അടിച്ചമർത്തലും വിവേചനരഹിതമായ അറസ്റ്റും ഇപ്പോഴും തുടരുകയാണ്. കൂടാതെ പ്രതിഷേധ ശബ്!ദങ്ങളെ അടിച്ചമർത്താനുള്ള പുതിയ നടപടികളും ഭരണകൂടം കൊണ്ടുവന്നുകൊണ്ടിരിക്കുന്നു. പ്രതിഷേധ സമരങ്ങളിൽ ഉൾപ്പെടുന്നവർക്ക് സർക്കാർ ജോലികളിൽ പ്രവേശിക്കാൻ കഴിയില്ലെന്നും പാ!സ്!പോർട്ട് ക്ലിയറൻസ് നൽകില്ലെന്നുമാണ് കഴിഞ്ഞ ദിവസം പുറത്തിറക്കിയ ഉത്തരവ്.

പ്രത്യേകാവകാശം റദ്ദാക്കിയിട്ട് രണ്ടു വർഷം പിന്നിടുമ്പോഴും കഴിഞ്ഞ മാസം മാത്രമാണ് കേന്ദ്രഭരണ പ്രദേശങ്ങളിലെ രാഷ്ട്രീയ പാർട്ടികളുടെ സർവകക്ഷി യോഗം പ്രധാനമന്ത്രി നരേന്ദ്ര മോഡി വിളിച്ചു ചേർത്തത്. കശ്മീരിന്റെ സംസ്ഥാന പദവി പുനഃസ്ഥാപിക്കുമെന്ന് യോഗത്തിൽ മോഡി പറഞ്ഞെങ്കിലും നടപടികൾ ആരംഭിച്ചിട്ടില്ല.

അതേസമയം മോഡി സർക്കാരിന്റെ നയാ കശ്മീർ (പുതിയ കശ്മീർ) മുദ്രാവാക്യത്തെ പരിഹസിച്ച് ഗുപ്കർ സഖ്യം രംഗത്തെത്തി. പുതിയ കശ്മീരെന്ന മോഡിയുടെ വാഗ്ദാനം പൊള്ളയായിരുന്നുവെന്നും, കശ്മീരിനെ നശിപ്പിച്ചു കൊണ്ട് എന്താണ് നേടിയതെന്ന് ജനങ്ങൾ അധികാരത്തിലുള്ളവരോട് ചോദിക്കാൻ തുടങ്ങിയെന്നും സഖ്യം പ്രസ്താവനയിൽ പറഞ്ഞു.

## എം.ജി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ഐ.എച്ച്.ആർ.ഡി കോളേജുകളിൽ പ്രവേശനം

കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ മഹാത്മാ ഗാന്ധി സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കടത്തുരുത്തി (04829264177, 8547005049), കട്ടപ്പന (04868250160, 8547005053), കാഞ്ഞിരപ്പള്ളി (04828206480, 8547005075), കോന്നി (0468 2382280, 8547005074), മല്ലപ്പള്ളി (04692681426, 8547005033), മറയൂർ (04865253010, 8547005072), നെടുംകണ്ടം (04868234472, 8547005067), പയ്യപ്പാടി (പുതുപ്പള്ളി 04812351631, 8547005040), പീരുമേട് (04869232373, 8547005041), തൊടുപുഴ (04862257447, 8547005047), പുത്തൻവേലിക്കര (04842487790, 8547005069), അയിരൂർ (04735296833, 8547055105, 8921379224), എന്നിവിടങ്ങളിലെ അപ്ലൈഡ് സയൻസ് കോളേജുകളിൽ ഡിഗ്രി കോഴ്സുകളിലേക്ക് അപേക്ഷിക്കാം. അപേക്ഷ www.i-hr-d-a-dm-i-ssion-s.or-g വഴി സമർപ്പിക്കണം. ഓരോ കോളേജിലേയും പ്രവേശനത്തിന് പ്രത്യേകം അപേക്ഷകൾ സമർപ്പിക്കണം. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും, 350 രൂപ (എസ്.സി, എസ്.റ്റി 150 രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ ലഭിക്കണം.

## കേരള സർവകലാശാലയിലെ ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഡിഗ്രി പ്രവേശനം

കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ കേരളാ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അടൂർ (04734224076, 8547005045), ധനുവച്ചപുരം (04712234374/2234373, 8547005065), കുണ്ടറ (0474 2580866, 8547005066), മാവേലിക്കര (04792304494/2341020, 8547005046), കാർത്തികപ്പള്ളി (04792485370/2485852, 8547005018), കലഞ്ഞൂർ (04734272320, 8547005024), പെരിശ്ശേരി (04792456499), 8547005046) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അപ്ലൈഡ് സയൻസ് കോളേജുകളിൽ 2021 22 അധ്യയന വർഷത്തിൽ കോളേജുകൾക്ക് നേരിട്ട് അഡ്മിഷൻ നടത്താവുന്ന 50 ശതമാനം സീറ്റുകളിൽ പ്രവേശനത്തിന് ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ www.i-hr-d-a-dm-i-ssion-s.or-g മുഖേന സമർപ്പിക്കണം. ഓരോ കോളേജിലേയും പ്രവേശനത്തിന് പ്രത്യേകം അപേക്ഷകൾ സമർപ്പിക്കണം. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും, 350 രൂപ (എസ്.സി, എസ്.റ്റി 150 രൂപ) രജിസ്ട്രേഷൻഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ ലഭിക്കണം.

# ഒരു വാർഡിൽ സമ്പൂർണ ലോക്ക്ഡൗൺ; 12 വാർഡുകൾ കണ്ടെയ്ൻമെന്റ് സോൺ

പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ(ഡബ്ല്യു. ഐ. പി. ആർ.) 10 ശതമാനത്തിനു മുകളിലെത്തിയതിനെത്തുടർന്ന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ മേലാറ്റിങ്ങൽ വാർഡിൽ(31ാം വാർഡ്) കർശന ലോക്ക്ഡൗൺ പ്രഖ്യാപിച്ചതായി ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ അറിയിച്ചു. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ അഞ്ചിനും 10നും ഇടയിലുള്ള 12 തദ്ദേശ സ്ഥാപന വാർഡുകൾ കണ്ടെയ്ൻമെന്റ് സോണാക്കിയതായും കളക്ടർ അറിയിച്ചു.

കർശന ലോക്ക്ഡൗൺ പ്രഖ്യാപിച്ച മേലാറ്റിങ്ങലിൽ ഇന്ന്(04 ഓഗസ്റ്റ്) അർധരാത്രി മുതൽ സമ്പൂർണ ലോക്ക്ഡൗൺ നിലവിൽവരും. അവശ്യ സാധനങ്ങൾ വിൽക്കുന്ന കടകൾ മാത്രമേ രാവിലെ ഏഴു മുതൽ വൈകിട്ട് ഏഴു വരെ തുറക്കാൻ പാടുള്ളൂ. ഡബ്ല്യു.ഐ.പി.ആർ. പത്തിനു താഴെ വരുന്നതു വരെ ഈ നിയന്ത്രണങ്ങൾ തുടരും.

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെതന്നെ ഒന്ന്, രണ്ട്, 10, 20, 24 വാർഡുകൾ, നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ 10, 16, 36 വാർഡുകൾ, വർക്കല മുനിസിപ്പാലിറ്റിയിലെ ആറ്, ഒമ്പത്, 18, 28 വാർഡുകൾ എന്നിവയെയാണു കണ്ടെയ്ൻമെന്റ് സോണുകളായി പ്രഖ്യാപിച്ചത്. ഈ പ്രദേശങ്ങളിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമെന്നും കളക്ടർ അറിയിച്ചു.

ഭക്ഷ്യവസ്തുക്കൾ, പലചരക്ക്, പഴങ്ങൾ, പച്ചക്കറികൾ, പാൽ ഉത്പന്നങ്ങൾ, മാസം, മത്സ്യം, മൃഗങ്ങൾക്കുള്ള ഭക്ഷ്യസാധനങ്ങൾ, കാലിത്തീറ്റ, കോഴിത്തീറ്റ തുടങ്ങിയ വിൽക്കുന്ന കടകൾ, ബേക്കറികൾ എന്നിവയ്ക്കു മാത്രമേ ഈ പ്രദേശങ്ങളിൽ പ്രവർത്തനാനുമതിയുണ്ടാകൂ. രാവിലെ ഏഴു മുതൽ വൈകിട്ട് ഏഴുവരെ ഇവ തുറക്കാം. റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, സപ്ലൈകോ ഷോപ്പുകൾ, മിൽമ ബൂത്തുകൾ തുടങ്ങിയവ ദിവസവും വൈകിട്ട് അഞ്ചു വരെ തുറക്കാം. റസ്റ്ററന്റുകളും ഹോട്ടലുകളും രാവിലെ ഏഴു മുതൽ വൈകിട്ട് 7.30 വരെ ഹോം ഡെലിവറിക്കു മാത്രമായി തുറക്കാം. ഡൈൻഇൻ, ടേക്ക് എവേ, പാഴ്സൽ തുടങ്ങിയവ അനുവദിക്കില്ല.

പൊതുജനങ്ങൾ പരമാവധി വീടിനടുത്തുള്ള കടകളിൽനിന്നു സാധനങ്ങൾ വാങ്ങണം. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്നതല്ലാത്ത എല്ലാ കടകളും അടച്ചിടും. ചന്തകൾ പ്രവർത്തിക്കാൻ അനുവദിക്കില്ല. ഇകൊമേഴ്സ് സ്ഥാപനങ്ങൾ ഡെലിവറിക്കായി രാവിലെ ഏഴു മുതൽ ഉച്ചയ്ക്കു രണ്ടു വരെ പ്രവർത്തിക്കാം. കണ്ടെയ്ൻമെന്റ് സോൺ ശക്തമായ പൊലീസ് നിയന്ത്രണത്തിലായിരിക്കുമെന്നും കളക്ടർ അറിയിച്ചു.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സ്ഥിരതാമസക്കാരായ വനിതകൾക്ക് കേരള സംസ്ഥാ വനിതാ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പ നൽകുന്നു. 18നും 55നും ഇടയിൽ പ്രായമുള്ള തൊഴിൽ രഹിതരായ വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ജാമ്യ വ്യവസ്ഥയിൽ 6% പലിശ നിരക്കിൽ വായ്പ ലഭിക്കും. ംംം.സംെറെ.ീൃഴ എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷ ഫോം ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ഫോം ആവശ്യമായ രേഖകളോടെ തിരുവനന്തപുരം മേഖല ഓഫിസിൽ നേരിട്ടോ, വഴുതക്കാട്, തൈക്കാട് പി.ഒ എന്ന മേൽവിലാസത്തിലോ അയയ്ക്കാമെന്ന് മേഖലാ മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 04712328257, 9496015006.

കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ തൊഴിലധിഷ്ഠിത കോഴ്സുകളായ കമ്പ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ് വർക്ക് മെയിന്റനൻസ് വിത്ത് ഇഗാഡ്ജറ്റ് ടെക്നോളജീസ്, സി.സി.എൻ.എ, റഫ്രിജറേഷൻ ആൻഡ് എയർ കണ്ടീഷനിങ്, വെബ്ഡിസൈൻ ആന്റ് ഡെവലപ്മെന്റ് എന്നീ കോഴ്സുകളിലേക്കുള്ള അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് സ്പെൻസർ ജംഗ്ഷനിലെ കെൽട്രോൺ നോളഡ്ജ് സെന്റർ, 04712337450, 9544499114.

# ജെഎൻയുവിലെ എബിവിപി ആക്രമണം: ആരെയും അറസ്റ്റു ചെയ്തിട്ടില്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: ജെഎൻയു ക്യാമ്പസിൽ മുഖംമൂടി സംഘം വിദ്യാർത്ഥികളെ അക്രമിച്ച സംഭവത്തിൽ ഒന്നര വർഷം പിന്നിട്ടിട്ടും ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെന്ന് കേന്ദ്ര സർക്കാർ പാർലമെന്റിനെ അറിയിച്ചു. 2020 ജനുവരിയിൽ നടന്ന അക്രമവുമായി ബന്ധപ്പെട്ട് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എന്നാൽ ഇതുവരെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെന്നും ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായ് പാർലമെന്റിൽ പറഞ്ഞു.

2020 ജനുവരി അഞ്ചിനാണ് അമ്പതോളം വരുന്ന മുഖംമൂടി ധാരികൾ മാരകായുധങ്ങളുമായി ജെഎൻയു ക്യാമ്പസിൽ വിദ്യാർത്ഥികളെ ആക്രമിച്ചത്. ഹോസ്റ്റലുകളിലും ക്ലാസ് മുറികളിലുമെത്തിയ സംഘം മണിക്കൂറുകളോളം ക്യാമ്പസിൽ അക്രമം അഴിച്ചുവിട്ടിരുന്നു. ജെഎൻയു വിദ്യാർത്ഥി യൂണിയൻ പ്രസിഡന്റായിരുന്ന ഐഷെ ഘോഷ് ഉൾപ്പെടെയുള്ളവർക്ക് അക്രമത്തിൽ പരിക്കേറ്റിരുന്നു.

അക്രമം നടത്തിയത് എബിവിപി പ്രവർത്തകരാണെന്ന റിപ്പോർട്ടുകൾ പിന്നീട് പുറത്തുവന്നു. ഇന്ത്യാ ടുഡേ നടത്തിയ അന്വേഷണത്തിലാണ് അക്രമി സംഘത്തിലുണ്ടായിരുന്ന ജെഎൻയുവിലെ എബിവിപി പ്രവർത്തകരായ രണ്ടു വിദ്യാർത്ഥികൾ തുറന്നു പറച്ചിലുമായി രംഗത്തെത്തിയത്.

ജെഎൻയുവിലെ 20 വിദ്യാർത്ഥികൾ മാത്രമാണ് അക്രമിസംഘത്തിലുണ്ടായിരുന്നതെന്നും മറ്റുള്ളവർ പുറത്തു നിന്നുള്ളവരാണെന്നും ഇവർ പറയുന്നുണ്ട്. മുഖം മറച്ചെത്തിയ നിരവധി അക്രമികളുടെ വിവരങ്ങളും ഇവർ തുറന്നു പറയുന്നുണ്ട്. അന്വേഷണ സംഘം സാക്ഷിമൊഴികൾ രേഖപ്പെടുത്തുകയും സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സംശയം തോന്നിയവരെ ചോദ്യം ചെയ്തിരുന്നു. പക്ഷെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. മന്ത്രി പറഞ്ഞു.

# കാലിക്കറ്റ് സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ഐ.എച്ച്.ആർ.ഡി കോളേജുകളിൽ പ്രവേശനം

കേരള സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ (ഐ.എച്ച്.ആർ.ഡി) കീഴിൽ കാലിക്കറ്റ് സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോഴിക്കോട് (0495 2765154), 8547005044), ചേലക്കര (04884227181, 8547005064), കുഴൽമന്നം (04922285577, 8547005061), മലമ്പുഴ (04912530010, 8547005062), മലപ്പുറം (04832959175, 8547005043), നാദാപുരം (04962556300, 8547005056), നാട്ടിക (0487 2395177, 8547005057), തിരുവമ്പാടി (04952294264, 8547005063), വടക്കാൻചേരി (04922255061, 8547005042), വട്ടംകുളം (04942689655, 8547006802), വാഴക്കാട് (04832728070, 8547005055), അഗളി (04924254699, 9447159505), മുതുവള്ളൂർ (04832963218, 8547005070), മീനങ്ങാടി (04936246446, 8547005077), അയലൂർ (04923241766, 8547005029), താമരശ്ശേരി (04952223243), 8547005025), കൊടുങ്ങലൂർ (04802816270, 8547005078) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അപ്ലൈഡ് സയൻസ് കോളേജുകളിലേക്ക് ഡിഗ്രി കോഴ്സ് പ്രവേശനത്തിന് ഓൺലൈനിൽ അപേക്ഷിക്കാം. അപേക്ഷ ംംം.ശവൃറമറാശശൈീി.ീൃഴ വഴി ഓൺലൈനായി സമർപ്പിക്കണം. ഓരോ കോളേജിലേയും പ്രവേശനത്തിന് പ്രത്യേകം അപേക്ഷകൾ സമർപ്പിക്കണം.

ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും, 350 രൂപ (എസ്.സി, എസ്.റ്റി 150 രൂപ) രജിസ്ട്രേഷൻഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ ലഭിക്കണം. വിശദവിവങ്ങൾക്ക്: www.i-hr-d.a-c.in.

# ഉദ്യോഗാർത്ഥികളെ പെരുവഴിയിലാക്കാൻ സർക്കാർ വാശിയോടെ പ്രവർത്തിച്ചു: കെ സുധാകരൻ എംപി

പിഎസ് സി റാങ്ക് ലിസ്റ്റ് നീട്ടാൻ വിസമ്മതിച്ച് സർക്കാർ, ഉദ്യോഗാർത്ഥികളെ പെരുവഴിയിലാക്കാൻ വാശിയോടെ പ്രവർത്തിച്ചെന്നു കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ.

പിണറായി സർക്കാരിന്റെ യുവാക്കളോടുള്ള മനോഭാവമാണ് ഏറ്റവുമധികം ഞെട്ടിച്ചത്. പിഎസ് സി ലിസ്റ്റിന്റെ കാലാവധി നീട്ടില്ലെന്നു മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ച അതേ ദിവസം തന്നെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് ലിസ്റ്റ് നീട്ടിയ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിക്കെതിരേ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ പോയി അതു റദ്ദാക്കിച്ചത് തികച്ചും അപ്രതീക്ഷിതമാണ്.

കോവിഡും സാമ്പത്തിക തകർച്ചയും മൂലം യുവാക്കൾ വലിയ പ്രതിസന്ധി നേരിടുമ്പോഴാണ് ലിസ്റ്റിലുള്ള ഏതാണ്ട് നാലു ലക്ഷം യുവതീയുവാക്കളെ പിന്നിൽ നിന്നു കുത്തിയത്. കടംവാങ്ങി, കഷ്ടപ്പെട്ട് പഠിച്ച്, റാങ്ക്ലിസ്റ്റിൽ കടന്ന കുട്ടികളുടെ പ്രതീക്ഷകളാണ് തകർക്കപ്പെട്ടത്. ഇടത് അനുഭാവമുള്ള ഉദ്യോഗാർത്ഥികളും ഈ ലിസ്റ്റിലുണ്ട്.

493 ലിസ്റ്റുകളുടെ കാലാവധി തീർന്നപ്പോൾ ഒരു തസ്തികയിലേക്കു പോലും പകരം റാങ്ക് ലിസ്റ്റ് ഇല്ല. 493 റാങ്ക് ലിസ്റ്റിന്റെ സ്ഥാനത്ത് 136 തസ്തികകളിലേക്കു മാത്രമാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. ബാക്കിയുള്ള 357 തസ്തികകളിലേക്ക് ഇതുവരെ അപേക്ഷപോലും ക്ഷണിച്ചിട്ടില്ല. ഒരു തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ച്, ടെസ്റ്റും ഇന്റർവ്യൂവും നടത്തി റാങ്ക്ലിസ്റ്റ് തയാറാക്കാൻ 23 വർഷമെടുക്കും. ഇക്കാലയളവിൽ ആർക്കും നിയമനം കിട്ടാൻ പോകുന്നില്ല. യോഗ്യരായ ഉദ്യോഗാർത്ഥികൾക്കു പകരം പിൻവാതിൽ നിയമനവും ബന്ധു നിയമനവും നടത്താൻ സർക്കാരിനു സാധിക്കും. അതു ലഭിക്കുക പാർട്ടിക്കാർക്കും അവരുടെ ബന്ധുമിത്രാദികൾക്കും പാർട്ടിക്കുവേണ്ടി കൊല നടത്തുന്നവർക്കുമാണ്.

അന്തരിച്ച സിപിഎം ചെങ്ങന്നൂർ എംഎൽഎയുടെ മകനെ പൊതുമരാമത്ത് വകുപ്പിൽ അസി. എൻജിനീയർ തസ്തികയിൽ ഗസറ്റഡ് പോസ്റ്റിലും അന്തരിച്ച കൊങ്ങാട് എംഎൽഎയുടെ മകനെ ഓഡിറ്റ് വകുപ്പിൽ ഓഡിറ്ററായും നിയമിച്ചു. മുൻ മന്ത്രി എകെ ബാലന്റെ ഭാര്യ ആസൂത്രണ ബോർഡിൽ നിയമിക്കപ്പെട്ടു. ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ നിയമനത്തിൽ നേതാക്കളുടെ ബന്ധുക്കൾക്ക് കൂട്ടനിയമനം ലഭിച്ചു.

ബന്ധുവിനെ നിയമിച്ച് കെടി ജലീലിനു മന്ത്രിസ്ഥാനം നഷ്ടപ്പെട്ടു. എഎൻ ഷംസീറിന്റെ ഭാര്യയെ കണ്ണൂർ, കോഴിക്കോട് സർവകലാശാലകളിൽ അസി പ്രഫസറായി നിയമിച്ചെങ്കിലും പുറത്തുപോകേണ്ടി വന്നു. പെരിയ ഇരട്ടക്കൊലക്കേസിലെ ജയിലിലുള്ള 3 പ്രതികളുടെ ഭാര്യമാർക്ക് കാഞ്ഞങ്ങാട് ഗവ. ശുപത്രിയിൽ നിയമനം നല്കിയെങ്കിലും കോൺഗ്രസ് നടത്തിയ സമരത്തെ തുടർന്ന് നാണം കെട്ട് പിൻവാങ്ങി. എത്രയോ സിപിഎം നേതാക്കളുടെ ഭാര്യമാരും ബന്ധുക്കളും സർക്കാർ സർവീസിൽ അനധികൃതമായി ജോലി ചെയ്യുന്നു.

അനധികൃത നിയമനങ്ങളെക്കുറിച്ച് പരാതി ഉയർന്നപ്പോൾ, ധനകാര്യ പരിശോധനാവിഭാഗം നടത്തിയ അന്വേഷണത്തിൽ ഐടി വകുപ്പിലും അതിനു കീഴിലുള്ള സ്ഥാപനങ്ങളിലും നിരവധി അനധികൃത നിയമനങ്ങൾ കണ്ടെത്തി. ഇതിനെതിരേ നടപടി വേണമെന്ന് ആവശ്യപ്പെട്ട് ധനകാര്യവകുപ്പ് നല്കിയ റിപ്പോർട്ട് ആറു മാസമായി മുഖ്യമന്ത്രിയുടെ മേശപ്പുറത്താണ്. ധനകാര്യ വകുപ്പിലെ സ്പാർക്കിലുള്ള 60 ജീവനക്കാരിൽ 54 ഉം താത്ക്കാലിക ജീവനക്കാരാണ്. സർക്കാരിൽ മൂന്നു ലക്ഷത്തോളം താത്ക്കാലിക ജീവനക്കാരുണ്ട്.

കേരളത്തിൽ ലക്ഷക്കണക്കിന് ബിരുദധാരികളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ജോലി ചെയ്യുന്നവരുമുണ്ട്. അവർക്ക് നിയമനം നല്കുന്നതിനു പകരം എല്ലായിടത്തും സ്വന്തക്കാരെയാണ് തിരുകിക്കയറ്റുന്നത്. പെൺകുട്ടികൾ ഉൾപ്പെടെയുള്ളവർ 34 ദിവസം സെക്രട്ടേറിയറ്റിനു നടത്തിയ സമരം തീർക്കാൻ ഡിവൈഎഫ്ഐ മുൻകൈയെടുത്തെങ്കിലും അവർ പിന്നീട് ഉദ്യോഗാർത്ഥികളെ വഞ്ചിച്ചെന്നും സുധാകരൻ പറഞ്ഞു.

# കരുവന്നൂർ ബാങ്ക് തട്ടിപ്പ്: ലുക്ക്ഔട്ട് നോട്ടീസ് പുറപ്പെടുവിക്കും

തൃശൂർ: കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുകേസിലെ പ്രതികൾ രാജ്യംവിടാതിരിക്കാൻ ലുക്ക്ഔട്ട് നോട്ടീസ് പുറപ്പെടുവിക്കുമെന്ന് പൊലീസ്. ജാമ്യാപേക്ഷയുമായി പ്രതികൾ ഹൈക്കോടതിയേയും തൃശൂർ സെഷൻസ് കോടതിയേയും സമീപിച്ചതോടെയാണ് പൊലീസ് നിലപാടു കടുപ്പിച്ചത്. എമിഗ്രേഷൻ വകുപ്പിന്റെ അനുമതി നേടിയശേഷമാണ് ലുക്ക്ഔട്ട് നോട്ടീസ് ഇറക്കുന്നത്.

അതേസമയം തട്ടിപ്പുസംബന്ധിച്ച് പൊലീസിനു കൂടുതൽ തെളിവുകൾ ലഭിച്ചു. മൂന്നു കോടി രൂപ തട്ടിയെടുത്തത് ഭരണസമിതി അംഗങ്ങളുടെ വ്യാജ ഒപ്പിട്ടാണ്. ഇതു ഗുരുതരമായ കുറ്റകൃത്യമാണ്. വ്യാജരേഖ ചമക്കലിനു ക്രൈംബ്രാഞ്ച് കേസ് എടുത്തിട്ടുണ്ട്.

24 പേർക്ക് ഒരു ആധാരത്തിൽ രണ്ടിലധികം വായ്പകൾ നൽകിയിട്ടുണ്ട്. പ്രതികളുടേയും കുടുംബാംഗങ്ങളുടേയും പേരിൽ 10 വായ്പകൾ അനധികൃതമായാണ് നൽകിയതെന്നും വ്യക്തമായി. പലർക്കും രണ്ടിലധികം വായ്പകൾ നൽകിയിട്ടുണ്ട്. ഒരാൾക്ക് 50 ലക്ഷത്തിൽ അധികം തുകയുടെ വായ്പ നൽകാൻ ചട്ടം അനുവദിക്കുന്നില്ല. അതു മറികടക്കാനാണ് പല വായ്പകളായി നൽകിയത്. കുടിശിക പിരിക്കാനുള്ളതിൽ പകുതിയിലേറെയും 50 ലക്ഷത്തിനു മുകളിലുള്ള വായ്പകളിലാണ്.

പ്രതികളുടെ വീടുകളിൽ നടത്തിയ തെരച്ചിലിൽ ലാപ്ടോപ്പുകൾ ലഭിച്ചിരുന്നു. അവയുടെ പരിശോധന പൂർത്തിയാക്കിയിട്ടില്ല. പ്രതികൾ ബന്ധുക്കളുടെയും മറ്റും പേരുകളിൽ നടത്തിയ ഒട്ടേറെ ഭൂമി ഇടപാടുകളെ കുറിച്ചും വിശദാന്വേഷണം നടത്തും.

# മേധാ പട്കറെ അറസ്റ്റ് ചെയ്തു

ഗർഗോൺ: സ്വകാര്യ തുണിമില്ലിലെ ജീവനക്കാരുടെ സമരത്തിന് ഐക്യദാർഢ്യം അർപ്പിക്കാനെത്തിയ സാമൂഹിക പ്രവർത്തക മേധാ പട്കറെ അറസ്റ്റ് ചെയ്തു. മധ്യപ്രദേശിലെ ഗർഗോണിൽ വച്ചാണ് മേധാ പട്കർ ഉൾപ്പെ 360 പേരെ അറസ്റ്റ് ചെയ്തത്. സർക്കാർ ഭൂമിയിൽ പന്തൽ കെട്ടി സമരം നടത്തിയെന്നാരോപിച്ച് സമരപ്പന്തൽ പൊളിച്ചുനീക്കിയാണ് അറസ്റ്റ് ചെയ്തുനീക്കിയത്. അനുമതിയില്ലാതെ സമരം നടത്തിയതിനാണ് നടപടിയെന്ന് മധ്യപ്രദേശ് പൊലിസ് പറഞ്ഞു. തുണി മില്ല് സ്ഥാപനം വിറ്റതായും എന്നാൽ അടച്ചുപൂട്ടുന്നതിനുമുമ്പ് അവിടെ ജോലി ചെയ്തവരെ പുനർനിയമിക്കണമെന്ന ആവശ്യം അംഗീകരിക്കാത്തതിനാലുമാണ് സമരം നടത്തുന്നതെന്ന് തൊഴിലാളികളുടെ സംഘടനയായ ജനതാ ശ്രമിക് സംഘടനയിലെ രാജ്കുമാർ ദുബെ പറഞ്ഞു. പ്രതിഷേധം നിയമവിരുദ്ധമാണെന്നും സർക്കാർ ഭൂമി കൈയേറിയാണ് സമരം നടത്തുന്നതെന്നും സ്ഥലം വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് കാസറവാദ് തഹസിൽദാർ നോട്ടീസ് നൽകി 48 മണിക്കൂർ കഴിഞ്ഞാണ് നടപടിയെടുത്തതെന്നും ഗർഗോൺ പൊലീസ് സൂപ്രണ്ട് ശൈലേന്ദ്ര സിങ് ചൗഹാൻ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ഒരു ജാമ്യ ബോണ്ട് പൂരിപ്പിക്കാൻ മേധാ പട്കർ വിസമ്മതിച്ചതിനാൽ നർമ്മദ താഴ് വരയിലെ ഗസ്റ്റ്ഹൗസിൽ താമസിപ്പിച്ചതായും പൊലീസ് പറഞ്ഞു.

## ഡോളർ കടത്ത്: പ്രതികൾക്ക് കസ്റ്റംസിന്റെ നോട്ടീസ്

കൊച്ചി:ഡോളർ കടത്ത് കേസിൽ പ്രതികൾക്ക് കസ്റ്റംസിന്റെ ഷോക്കോസ് നോട്ടീസ്. സ്വപ്ന, സരിത്, സന്ദീപ്, ശിവശങ്കർ, ഖാലിദ്, സന്തോഷ് ഈപ്പൻ എന്നിവർക്കാണ് നോട്ടീസ് അയച്ചത്. മുപ്പത് ദിവസത്തിനകം മറുപടി നൽകാൻ നോട്ടീസിൽ ആവശ്യപ്പെടുന്നു. അതേസമയം കേസിൽ ചോദ്യം ചെയ്തെങ്കിലും മുൻ സ്പീക്കർ പി ശ്രീരാമകൃഷ്ണന് നോട്ടീസ് അയച്ചിട്ടില്ല.

യുഎഇയിലേക്കു വിദേശ കറൻസി കടത്തിയെന്ന കേസിൽ വിചാരണ നടപടികളുടെ ഭാഗമായാണ് പ്രതികൾക്ക് കസ്റ്റംസ് നോട്ടീസയച്ചത്. സ്വർണക്കടത്തു കേസ് അന്വേഷണത്തിനിടെ സ്വപ്നയും സരിത്തും നൽകിയ മൊഴികളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസിൽ ഇരുവരും ഉൾപ്പെടെ ആകെ ആറ് പേർക്കാണ് നോട്ടീസ്.

അതേസമയം വർഷങ്ങൾക്കു മുൻപു നടന്ന സംഭവത്തിൽ നയതന്ത്ര പ്രതിനിധികളെയടക്കം ചോദ്യം ചെയ്യാനായിട്ടില്ലെന്ന് കസ്റ്റംസ് ചൂണ്ടിക്കാട്ടുന്നു. വടക്കാഞ്ചേരി ലൈഫ് മിഷൻ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട്, നിർമ്മാണ കരാറുകാരായ യൂണിടാക് ബിൽഡേഴ്സ് നൽകിയ കോഴപ്പണത്തിലെ ഒരു ഭാഗമാണു ഡോളറിലേക്കു മാറ്റി വിദേശത്തേക്കു കടത്തിയതെന്നാണ് കസ്റ്റംസ് കണ്ടെത്തൽ.

# പ്രവാസികളെ ചൂഷണം ചെയ്യുന്നതിൽ നിന്നും പിന്തിരിയണം

വിദേശത്ത് പോകുന്ന പ്രവാസികളിൽ നിന്നും വിമാനം പുറപ്പെടുന്നതിന് മുൻപായി കോവിഡ് റാപ്പിഡ് ടെസ്റ്റിന്റെ പേരിൽ തോന്നും പടി ചാർജ് ഈടാക്കി ചൂഷണം ചെയ്യുന്ന നടപടിയിൽ നിന്നും സർക്കാർ പിന്തിരിയണമെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ എംപി.

നിലവിൽ വിദേശത്ത് പോകാൻ യാത്രാ തീയതിയുടെ 48 മണിക്കൂറിനുള്ളിൽ നേടിയ പിസിആർ നെഗറ്റീവ് പരിശോധനഫലവും കോവിഡ് വാക്സിൻ സ്വീകരിച്ച സർട്ടിഫിക്കറ്റും വേണം. ഇതിന് പുറമെ യുഎഇയിൽ എത്തിയ ശേഷം പിസിആർ ടെസ്റ്റിനു വിധേയമാകുകയും പത്തു ദിവസത്തെ ക്വാറന്റൈൻ പൂർത്തിയാക്കുകയും വേണം. ഇത്തരം സാഹചര്യത്തിൽ വിമാനത്തിൽ കയറുന്നതിന് മുൻപായി റാപ്പിഡ് ടെസ്റ്റ് വേണമെന്നത് എന്തു മാനദണ്ഡത്തിന്റെ പേരിലാണെന്നത് സർക്കാർ വ്യക്തമാക്കണം. ഈ നടപടി പ്രവാസികളെ കൂടുതൽ സാമ്പത്തിക ബാധ്യതയിലേക്ക് തള്ളിവിടുന്നതാണ്.റാപ്പിഡ് ടെസ്റ്റിന് പല ഏജൻസികളും തോന്നിയ നിരക്കാണ് ഈടാക്കുന്നത്.മറ്റു പലരാജ്യങ്ങളും വിമാനത്തിൽ ഇത്തരം ടെസ്റ്റ് സൗജന്യമായിട്ടാണ് നടത്തുന്നതെങ്കിൽ ഇന്ത്യയിൽ പ്രവാസികളിൽ നിന്നും നിരക്ക് ഈടാക്കി സാഹചര്യം മുതലാക്കി കൊള്ള നടത്തുകയാണ്.

കോവിഡ് പ്രതിസന്ധി കാരണം വിദേശത്തേക്ക് മടങ്ങാൻ കഴിയാതെ ദുരിതമനുഭവിക്കുന്ന പ്രാവസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കേരള സർക്കാരും നേർക്കയും ഒന്നും ചെയ്യുന്നില്ല.വിദേശത്ത് നിന്ന് മടങ്ങിയെത്തിയ പ്രവാസികളിൽ അധികം പേരും ദാരിദ്രരേഖക്ക് താഴെയുള്ളവരാണ്. നല്ലൊരു ശതമാനം പേരും കിടപ്പാടം പോലും ഇല്ലാത്തവരാണ്. പ്രവാസികൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ബജറ്റിൽ കോടികൾ വകയിരുത്തിയെങ്കിലും അതിന്റെ പ്രയോജനം അവർക്ക് ലഭിക്കുന്നില്ലെന്നും സുധാകരൻ പറഞ്ഞു.

## ക്യാഷ് അവാർഡിന് അപേക്ഷിക്കാം

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ 2021 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ.പ്ലസ് വാങ്ങി പാസ്സായ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡിന് അപേക്ഷ ക്ഷണിച്ചു. നിർദിഷ്ട ഫോമിലുള്ള അപേക്ഷ, മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, ക്ഷേമനിധി കാർഡിന്റെ പകർപ്പ്, അംശാദായ കുടിശ്ശികയില്ലാതെ അടച്ചതിനു തെളിവായി ക്ഷേമനിധി പാസ്സ്ബുക്കിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പി, ഫോൺ നമ്പർ എന്നിവ സഹിതം അപേക്ഷാഫോം സെപ്റ്റംബർ 30ന് വൈകിട്ട് അഞ്ച് മണിക്ക് മുൻപ് അങ്കമാലിയിലുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ (ഫോൺ നമ്പർ 04842454443) സമർപ്പിക്കണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

അപേക്ഷാഫോം അങ്കമാലിയിലുള്ള ചീഫ് എക്സിക്യുട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ സൗജന്യമായി ലഭിക്കും.

ഫോം തപാലിൽ ആവശ്യമുള്ളവർ അഞ്ചു രൂപ സ്റ്റാമ്പ് പതിച്ച സ്വന്തം വിലാസമെഴുതിയ കവർ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, അങ്കമാലി സൗത്ത് പി.ഒ.683573 എന്ന വിലാസത്തിൽ അപേക്ഷിക്കണം. ഫോൺ നം: 04842454443.

# രാജ്യത്തെ സ്ത്രീ തൊഴിൽ ശക്തി പങ്കാളിത്തത്തിൽ വൻ ഇടിവ്

ന്യൂഡൽഹി: രാജ്യത്തെ സ്ത്രീ തൊഴിൽ ശക്തി പങ്കാളിത്ത നിരക്കിൽ വൻ ഇടിവ്. കഴിഞ്ഞ വർഷം ജൂലൈ സെപ്റ്റംബർ പാദത്തിൽ സ്ത്രീ തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് ഇടിഞ്ഞ് 16.1 ശതമാനത്തിലെത്തി. രാജ്യത്ത് ദേശീയ ലോക്ഡൗൺ നിലനിന്നിരുന്ന ഏപ്രിൽജൂൺ പാദത്തിൽ നിരക്കിൽ റെക്കോഡ് ഇടിവുണ്ടാവുകയും 15.5 ശതമാനത്തിലെത്തുകയും ചെയ്തിരുന്നു.

ലോക ബാങ്കിന്റെ കണക്കുകൾ പ്രകാരം ആഗോളതലത്തിൽ ഏറ്റവും കുറവ് സ്ത്രീ തൊഴിൽ ശക്തി പങ്കാളിത്ത നിരക്കുള്ളത് ഇന്ത്യയിലാണ്. 15 വയസോ അതിന് മുകളിലോ പ്രായമുള്ള സ്ത്രീകളിൽ മൂന്നിലൊന്നുപേർ മാത്രമാണ് ജോലി ചെയ്യുകയോ അല്ലെങ്കിൽ തൊഴിൽ അന്വേഷിക്കുകയോ ചെയ്യുന്നത്.

2005 ൽ 26 ശതമാനമായിരുന്ന സ്ത്രീ തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക്, 2019ൽ 20.3 ശതമാനമായി ഇടിഞ്ഞു. സമാന വർഷത്തിൽ അയൽ രാജ്യങ്ങളായ ബംഗ്ലാദേശിലെയും ശ്രീലങ്കയിലെയും സ്ത്രീ തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് യഥാക്രമം 30.5, 33.7 ശതമാനം എന്നിങ്ങനെയായിരുന്നുവെന്നും ലോക ബാങ്കിന്റെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളിൽ അധികവും കുറഞ്ഞ നൈപുണ്യമുള്ള കൃഷി, ഫാക്ടറി, വീട്ടുവേല തുടങ്ങിയ ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നത്. 2020 സെപ്റ്റംബർ വരെയുള്ള മൂന്നു മാസങ്ങളിലെ കണക്കു പ്രകാരം പുരുഷന്മാരിലെ തൊഴിലില്ലായ്മ നിരക്ക് 12.6 ശതമാനം ആയിരുന്നെങ്കിൽ സ്ത്രീകളുടേത് 15.8 ശതമാനമായിരുന്നുവെന്ന് റിപ്പോർട്ടിൽ പറയുന്നു.

ജൂണിൽ 9.17 ശതമാനമായിരുന്ന തൊഴിലില്ലായ്മ നിരക്ക് ജൂലൈയിൽ 6.95 ശതമാനമായി കുറഞ്ഞുവെന്ന് സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കോണമി (സിഎംഐഇ)പറഞ്ഞു. എന്നാൽ കോവിഡിനെതിരെയുള്ള വാക്സിനേഷൻ പൂർത്തിയാക്കുന്നത് മന്ദഗതിയിലായാൽ സാമ്പത്തിക രംഗത്ത് മറ്റൊരു തിരിച്ചടി ഉണ്ടായേക്കുമെന്നാണ് സിഎംഐഇ മുന്നറിയിപ്പ് നൽകുന്നത്. മറിച്ചാണെങ്കിൽ അടുത്ത വർഷം മാർച്ചോടു കൂടി രാജ്യത്തെ സാമ്പത്തിക രംഗം കോവിഡിനു മുമ്പുള്ള സ്ഥിതിയിലേക്ക് തിരിച്ചെത്തുമെന്നും സിഎംഐഇ പറഞ്ഞു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ജിഡിപി 7.3 ശതമാനമായി ചുരുങ്ങിയിരുന്നു. ഏഴു വർഷത്തിനിടെയുള്ള ഏറ്റവും വലിയ സാമ്പത്തിക മാന്ദ്യത്തിനാണ് ഇന്ത്യ സാക്ഷ്യം വഹിച്ചത്. നടപ്പ് സാമ്പത്തിക വർഷം മുതൽ രാജ്യത്തിന്റെ ജിഡിപിയിൽ എട്ട് മുതൽ ഒമ്പത് ശതമാനം വരെ വർധനവാണ് പ്രതീക്ഷിക്കുന്നത്.

# കർണാടക മന്ത്രിസഭ: 29 പുതിയ മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്തു

ബംഗളൂരു: കർണാടക മുഖ്യമന്ത്രിയായി അധികാരമേറ്റ ബസവരാജ് ബൊമ്മൈയുടെ കീഴിലുള്ള പുതിയ മന്ത്രിസഭയിൽ 29 പുതിയ മന്ത്രിമാർ. മുൻ മുഖ്യമന്ത്രി ബി എസ് യെദിയൂരപ്പയുടെ മകൻ വിജയേന്ദ്ര മന്ത്രിസഭയിൽ ഇടംനേടിയിട്ടില്ല.

ഉപമുഖ്യമന്ത്രി സ്ഥാനം ആർക്കും നൽകിയിട്ടുമില്ല. യെദിയൂരപ്പ സർക്കാരിൽ മൂന്നുപേരായിരുന്നു ഉപമുഖ്യമന്ത്രിമാർ. ഇത്തവണ വിവിധ സമുദായങ്ങളെ തൃപ്തിപ്പെടുത്തുന്നതിനായി നാല് ഉപമുഖ്യമന്ത്രിമാർ ഉണ്ടായേക്കുമെന്നായിരുന്നു സൂചനകൾ.

ജൂലൈ 26നാണ് യെദിയൂരപ്പ രാജിവച്ചത്. 28ന് ബസവരാജ് ബൊമ്മൈ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. എന്നാൽ മന്ത്രിസഭയിൽ ഇടംതേടി നിരവധി പേർ രംഗത്തു വന്നതോടെ മന്ത്രിസഭാ രൂപീകരണം നീണ്ടു പോകുകയായിരുന്നു. ഇന്നലെ സത്യപ്രതിജ്ഞ ചെയ്ത മന്ത്രിമാരിൽ 23 പേർ പഴയ മന്ത്രിസഭയിലെ അംഗങ്ങളാണ്. ആറുപേരാണ് പുതുമുഖങ്ങൾ.

ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ് കൂടിയായ മകൻ വിജയേന്ദ്രയ്ക്ക് മന്ത്രിസ്ഥാനം നൽകണമെന്ന വ്യവസ്ഥയിലായിരുന്നു യെദിയൂരപ്പ സ്ഥാനമൊഴിഞ്ഞത്. എന്നാൽ യെദിയൂരപ്പയുടെ വിശ്വസ്തൻ കൂടിയായ ബസവരാജ് ബൊമ്മൈയുടെ ആദ്യപട്ടികയിൽ വിജയേന്ദ്ര ഇടം നേടിയിട്ടില്ല. നേരത്തെ സൂപ്പർ മുഖ്യമന്ത്രിയായുള്ള വിജയേന്ദ്രയുടെ ഇടപെടലുകളായിരുന്നു യെദിയുരപ്പയ്ക്ക് സ്ഥാനം നഷ്ടമാക്കിയിരുന്നത്.

ലിംഗായത്ത് സമുദായത്തിന് തന്നെയാണ് മന്ത്രിസഭയിൽ പ്രാധാന്യം. എട്ടു പേർ മന്ത്രിമാരായി. വൊക്കലിംഗ സമുദായത്തിന്റെ പ്രതിനിധികളായി ഏഴുപേരുമുണ്ട്. ഏഴ് ഒബിസി, മൂന്ന് പട്ടികജാതി, രണ്ട് ബ്രാഹ്മണ, ഒന്ന് വീതം റെഡ്ഡി, പട്ടികവർഗം എന്നിങ്ങനെയാണ് മറ്റ് സാമുദായിക പ്രാതിനിധ്യം. ഒരാൾ മാത്രമായി വനിതാ പ്രാതിനിധ്യം ചുരുങ്ങി.

അതേസമയം യെദിയുരപ്പയുടെ എതിർപക്ഷത്തെ പ്രമുഖരെയും മന്ത്രിസഭയിൽ നിന്നും വെട്ടി. അരവിന്ദ് ബല്ലാഡ്, സി പി യോഗീശ്വർ, ബി ആർ പാട്ടീൽ യത്നാൽ തുടങ്ങിയവർക്ക് സ്ഥാനം ലഭിച്ചില്ല. മുൻ മുഖ്യമന്ത്രി ജഗദീഷ് ഷെട്ടാർ, തഴയപ്പെട്ട മറ്റ് മുതിർന്ന നേതാക്കളായ എസ് സുരേഷ് കുമാർ, അരവിന്ദ് ലിംബാവലി തുടങ്ങിയവർ പരസ്യമായി അതൃപ്തി പ്രകടിപ്പിച്ച് രംഗത്തെത്തിയിട്ടുണ്ട്.

അതേസമയം കോൺഗ്രസിൽ നിന്നും ജെഡിഎസിൽ നിന്നും കൂറുമാറിയെത്തി മന്ത്രിമാരായവർ മിക്കവരും തങ്ങളുടെ സ്ഥാനം നിലനിർത്തി. ഈ വിഭാഗത്തിൽ നിന്നും പത്തുപേരാണ് മന്ത്രിമാർ. യെദിയൂരപ്പ മന്ത്രിസഭയിൽ ഇവർ 11 പേരുണ്ടായിരുന്നു. എന്നാൽ ബൊമ്മൈ മന്ത്രിസഭയിൽ ശ്രീമന്ത് പാട്ടീൽ, ആർ ശങ്കർ എന്നിവർ തഴയപ്പെട്ടപ്പോൾ എസ് മുനിരത്നയെ പുതുതായി ഉൾപ്പെടുത്തി.

## ഡി.ഫാം പാർട്ട്2 പരീക്ഷ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഡി.ഫാം പാർട്ട്2 (റഗുലർ/സപ്ലിമെന്ററി) പരീക്ഷ സംസ്ഥാനത്തെ വിവിധ ഫാർമസി കോളേജുകളിൽ സെപ്റ്റംബർ 29 മുതൽ നടക്കും. പരീക്ഷ എഴുതുന്നവർ നിശ്ചിത തുകയ്ക്കുള്ള ഫീസ് അടച്ച് പൂരിപ്പിച്ച അപേക്ഷകൾ ആഗസ്റ്റ് 18ന് മുമ്പ് ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കുകയും കോളേജുകളിൽ നിന്നുള്ള അപേക്ഷകൾ 26നകം ചെയർപേഴ്സൺ, ബോർഡ് ഓഫ് ഡി.ഫാം എക്സാമിനേഷൻസ്, തിരുവനന്തപുരം11 എന്ന വിലാസത്തിൽ ലഭിക്കുകയും വേണം. വിശദവിവരങ്ങൾക്ക : www.dme.kerala.gov.in.

## കെട്ടിടം ലേലത്തിന്

തൃക്കടവൂർ വില്ലേജ് ഓഫീസിലെ പഴയ കെട്ടിടം ലേലത്തിന്. ഓഗസ്റ്റ് 18 രാവിലെ 11 ന് വില്ലേജ് ഓഫീസിൽ ലേലം നടത്തുമെന്ന് തഹസീർദാർ അറിയിച്ചു. വിശദവിവരങ്ങൾ ഓഫീസിലും 04742742116 നമ്പരിലും ലഭിക്കും.

## ചരക്ക് വാഹനങ്ങളുടെ നികുതി അടയ്ക്കാനുള്ള കാലാവധി നീട്ടി

ചരക്കു വാഹനങ്ങളുടെ 2021 ജൂലൈ ഒന്നു മുതൽ ആരംഭിക്കുന്ന ക്വാർട്ടറിലെ നികുതി അടയ്ക്കാനുള്ള തിയതി സെപ്റ്റംബർ 30 വരെ നീട്ടിയെന്ന് ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു അറിയിച്ചു. കോവിഡ്19 മഹാമാരിയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺ മൂലം ഒരു വർഷമായി ചരക്ക് ഗതാഗത മേഖലയിലെ തൊഴിലാളികളും വാഹന ഉടമകളും സാമ്പത്തിക പ്രതിസന്ധിയിലാണ്. 2021 ജൂലൈ ഒന്നു മുതൽ നികുതി അടയ്ക്കേണ്ട ചരക്ക് വാഹനങ്ങളുടെ നികുതി അടയ്ക്കാനുള്ള അവസാന തിയതി ജൂലൈ 31ന് അവസാനിച്ചിരുന്നു. ഇനിയും ഒരു ലക്ഷത്തോളം വാഹന ഉടമകൾ നികുതി അടയ്ക്കാനുണ്ട്. നിശ്ചിത സമയത്ത് നികുതി അടയ്ക്കാൻ കഴിയാതിരുന്ന ചരക്ക് വാഹന ഉടമകൾക്ക് അധിക നികുതി അടയ്ക്കേണ്ടി വരുന്ന ബാധ്യതയും ഇതുമൂലം ഒഴിവാകുമെന്ന് മന്ത്രി പറഞ്ഞു.

## പ്രോത്സാഹന സമ്മാനത്തിന് അപേക്ഷിക്കാം

എസ്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ/ഡിഗ്രി/പ്രൊഫഷണൽ കോഴ്സു കളിൽ ഫസ്റ്റ് ക്ലാസോ അതിന് മുകളിലോ മാർക്ക് വാങ്ങി വിജയിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രോത്സാഹന സമ്മാനത്തിന് ഇഗ്രാന്റ്സ് സോഫ്റ്റ് വെയർ വഴി അപേക്ഷ സമർപ്പിക്കാം. വിശദവിവരങ്ങൾ 04742794996 നമ്പരിലും ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലും ലഭിക്കുമെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു.

# ഇൻഷുറൻസ് പണിമുടക്ക് പൂർണം

കൊച്ചി: കേന്ദ്രസർക്കാർ ലോക്സഭയിൽ പാസാക്കിയ ജനറൽ ഇൻഷുറൻസ് ദേശസാത്കരണ ബില്ലിനെതിരെ രാജ്യമാകെ പൊതുമേഖല ജനറൽ ഇൻഷുറൻസ് ജീവനക്കാർ നടത്തിയ പണിമുടക്ക് പൂർണം. സംസ്ഥാനത്തൊട്ടാകെ 25,000ത്തോളം ജനറൽ ഇൻഷുറൻസ് ജീവനക്കാരാണ് പണിമുടക്കിൽ പങ്കെടുത്തത്. രാജ്യത്തെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഇൻഷുറൻസ് കമ്പനികളെ സ്വകാര്യവത്കരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് രണ്ട് ദിവസം മുമ്പ് ധനമന്ത്രി നിർമ്മല സീതാരാമൻ പ്രതിപക്ഷ പ്രതിഷേധത്തെ അവഗണിച്ച് ബിൽ പാസാക്കിയതെന്ന് ഇൻഷുറൻസ് മേഖലയിലെ തൊഴിലാളി യൂണിയനുകൾ സംയുക്തമായി ജോയിന്റ് ഫോറം ഓഫ് ട്രേഡ് യൂണിയൻ ആന്റ് അസോസിയേഷൻ (ജെഎഫ്ടിയു) വാർത്താസമ്മേളനത്തിൽ പറഞ്ഞു. നിർജീവമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്ന ഇന്ത്യയിലെ 108ഓളം വരുന്ന സ്വകാര്യ ഇൻഷുറൻസ് കമ്പനികളെ 1972ലാണ് കേന്ദ്രസർക്കാർ ഏറ്റെടുത്ത് പൊതുമേഖലയിലേയ്ക്ക് മാറ്റിയത്. ജനറൽ ഇൻഷുറൻസ് കോർപ്പറേഷനെ മാതൃകമ്പനിയാക്കിയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. പിന്നീട് മൻമോഹൻസിങ് സർക്കാർ ഇൻഷുറൻസ് മേഖല സ്വകാര്യ കമ്പനികൾക്കുകൂടി തുറന്ന് നൽകി. ഇന്ന് രാജ്യത്ത് 28 സ്വകാര്യ ഇൻഷുറൻസ് കമ്പനികൾ നിലവിലുണ്ട്. രാജ്യത്ത് മൊത്തം സമാഹരിക്കുന്ന ജനറൽ ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 ശതമാനം പോലും ഈ 28 കമ്പനികൾക്ക് കൂടി സമാഹരിക്കുവാൻ സാധിക്കുന്നില്ല. ഇതിനിടയിലാണ് നിലവിലുള്ള പൊതുമേഖല ഇൻഷുറൻസ് കമ്പനികളെ കൂടി സ്വകാര്യവത്കരിക്കുന്നതിനുള്ള നീക്കവുമായി കേന്ദ്രസർക്കാർ രംഗത്തിറങ്ങിയത്. ഈ സാഹചര്യത്തിലാണ് ഇൻഷുറൻസ് മേഖലയിലെ തൊഴിലാളി യൂണിയനുകൾ സംയുക്തമായി ജെഎഫ്ടിയു രൂപീകരിച്ച് കേന്ദ്ര നീക്കത്തിനെതിരെ രാജ്യവ്യാപകമായി പ്രതിഷേധം ശക്തമാക്കുന്നത്.

## ചീഫ് ജസ്റ്റിസ് പിന്മാറി

ന്യൂഡൽഹി : കൃഷ്ണ നദീജല തർക്കവുമായി ബന്ധപ്പെട്ട് ആന്ധ്രപ്രദേശ് സമർപ്പിച്ച ഹർജി കേൾക്കുന്നതിൽ നിന്ന് ചീഫ് ജസ്റ്റിസ് എൻ വി രമണ പിൻമാറി. മധ്യസ്ഥതയിലൂടെ തർക്കം പരിഹരിക്കുന്നതിന് പകരം സുപ്രീം കോടതി ബെഞ്ച് വിധി പറയണമെന്ന് ആന്ധ്രാപ്രദേശ് സർക്കാർ കോടതിയെ അറിയിച്ചിരുന്നു. ഇതേ തുടർന്നാണ് കേസ് മറ്റൊരു ബെഞ്ചിന് വിടുന്നതായി ചീഫ് ജസ്റ്റിസ് ഉത്തരവിട്ടത്. ആന്ധ്രാ പ്രദേശ് സമർപ്പിച്ച ഹർജിയിൽ ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബഞ്ച് വാദം കേൾക്കുന്നതിൽ എതിർപ്പില്ലന്ന് കേന്ദ്ര സർക്കാരും കോടതിയെ അറിയിച്ചിരുന്നു. നേരത്തെ, തർക്ക വിഷയം നിയമപരമായി കേൾക്കാൻ താൻ തയ്യാറല്ലെന്നും മധ്യസ്ഥതയിലൂടെ പരിഹരിക്കാൻ പറ്റുമെങ്കിൽ അങ്ങനെ ചെയ്യണമെന്നും ചീഫ് ജസ്റ്റിസ് പറഞ്ഞിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.